

അദ്ധ്യായം 13.  ഭാഷാകൃതികൾ (പദ്യം) I

# കേരളസാഹിത്യചരിത്രം I

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

കേരളസാഹിത്യചരിത്രം ഭാഗം 1
ഉള്ളൂർ എസ്. പരമേശ്വര അയ്യർ
(മലയാളം: സാഹിത്യചരിത്രം)

First published in print media 1953.

The electronic versions have been released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeX Live 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The production infrastructure of River Valley Technologies has been made use of in the production of these digital editions.

Cover: Shakuntala, (she looks back at her lover, pretending to remove a thorn from her foot), an oil painting by Raja Ravi Varma. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


13 ഭാഷാകൃതികൾ (പദ്യം) I . . . . . . . . . . . . . . . . . . 1

1 പാട്ടും പാണ്ഡ്യഭാഷാസാരൂപ്യവും . . 2

2 രാമചരിതം – ഗ്രന്ഥത്തിന്റെ സ്വരൂപം 3

3 രാമചരിതം ഒരു തമിഴ്ക്കൃതിയോ . . . 4

4 ആട്ടപ്രകാരത്തിലേ ഒരു പഴയ പാട്ട് . 5

5 പഴയ ഭാഷാഗദ്യം . . . . . . . . . . . 6

6 കൗടലീയം ഭാഷാഗദ്യം . . . . . . . . . 7

7 ആട്ടപ്രകാരവും ക്രമദീപികയും – മന്ത്രാങ്കം 8

8 മത്തവിലാസം . . . . . . . . . . . . . 9

9 ശൂർപ്പണഖാങ്കം ആട്ടപ്രകാരം . . . . 10

10 പിൽകാലത്തെ ആട്ടപ്രകാരങ്ങൾ . . 11

# 13

# ഭാഷാകൃതികൾ (പദ്യം) I

(ക്രി. പി. 1300 വരെ)

## 1 പാട്ടും പാണ്ഡ്യഭാഷാസാരൂപ്യവും

ലീലാതിലകകാരന്റെ മതമനുസരിച്ച് സാക്ഷാൽ സാഹിത്യകോടിയിൽ അങ്ഗീകാരത്തിനു് അർഹമായ പാട്ടിന്റെ ലക്ഷണമെന്തെന്നു് ആറാമധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. “ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകമോനാവൃത്തവിശേഷയുക്തം പാട്ട്” എന്നുള്ള നിർവചനസൂത്രത്തിന്റെ വൃത്തിയിൽ “പാണ്ഡ്യഭാഷാ സാരൂപ്യം ബാഹുല്യേന പാട്ടിൽ കേരളഭാഷായാം ഭവതി” എന്നൊരു വസ്തുസ്ഥിതിപ്രകാശകമായ പങ്ക്തി കാണുന്നുണ്ട്. മലയാളഭാഷയിൽ കവികൾ ‘പാട്ട്’ എന്ന ഇനത്തിൽ ഗ്രന്ഥങ്ങൾ രചിക്കുമ്പോൾ അവ പ്രായേണ ചെന്തമിഴിലെ പാട്ടുകൾപോലെ തോന്നുമെന്നാണ് ആ പ്രസ്താവനയിലെ വിവക്ഷ. അതു് അനുചിതമോ അസ്വാഭാവികമോ അല്ല; എന്തെന്നാൻ ആദികാലത്തു കേരളീയഭാഷാകവികൾ ചെന്തമിഴിൽത്തന്നെയാണല്ലോ കവനംചെയ്തുവന്നതു്. വ്യാകരണം, നിഘണ്ടു മുതലായ ലക്ഷണഗ്രന്ഥങ്ങൾക്കും അവയ്ക്കു ചെന്തമിഴിനെത്തന്നെയാണ് ആശ്രയിക്കേണ്ടിയിരുന്നതു്. അതുകൊണ്ടാണ് ലീലാതിലകത്തിൽ ഉദ്ധൃതമായ “തരതലന്താനളന്താ” എന്ന പാട്ട് ചെന്തമിഴിനോട് ഏറ്റവും ഇണങ്ങിയിരിക്കുന്നതു്. ആ പാട്ട് ഒരു മുക്തകമോ ആരെങ്കിലും നിർമ്മിച്ച ശ്രീപത്മനാഭസ്തോത്രമാല്യത്തിലെ ഒരു പുഷ്പമോ എന്നറിവാൻ നിവൃത്തിയില്ല. ലീലാതിലകകാരൻ പാട്ടിനു് നിർദ്ദേശിച്ചിട്ടുള്ള സകല നിയമങ്ങൾക്കും ആദ്യന്തം വിധേയമായി ആ വകപ്പിൽ ഒരൊറ്റ ഗ്രന്ഥം മാത്രമേ നമുക്ക് ഇതഃപര്യന്തം ലഭിച്ചിട്ടുള്ളു. അതു മലയാളത്തിന്റെ യഥാർത്ഥമൂലധനമായ രാമചരിതമല്ലാതെ മറ്റൊന്നുമല്ലെന്നു പറയേണ്ടതില്ലല്ലോ. വേറേയും പല ഗ്രന്ഥങ്ങൾ ആ രീതിയിൽ വിരചിതങ്ങളായിരുന്നിരിക്കാം; അവ നശിച്ചുപോയെന്നാണ് തോന്നുന്നതു്. എങ്കിലും ആ ഒരു കൃതികൊണ്ടുതന്നെ ഭാഷയ്ക്കു ഭാഗ്യവശാൽ പരിപൂർണ്ണമായി അഭിമാനംകൊള്ളാവുന്നതാണ്. അത്രയ്ക്കുണ്ട് അതിന്റെ ബഹുമുഖവും വിശ്വോത്തരവുമായ മാഹാത്മ്യം.

## 2 രാമചരിതം — ഗ്രന്ഥത്തിന്റെ സ്വരൂപം

രാമചരിതത്തിലെ ആദ്യത്തെ മുപ്പതു പരിച്ഛേദങ്ങൾ ഞാൻ 1092-ൽ “പ്രാചീനമലയാളമാതൃകകൾ ഒന്നാംഭാഗം” എന്ന പുസ്തകത്തിന്റെ പ്രധാനാംശമായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി; 1107-ൽ തിരുവിതാംകൂർഗവൺമെന്റിന്റെ പൗരസ്ത്യ ഗ്രന്ഥപ്രകാശകൻ അതു സമഗ്രമായ രൂപത്തിൽ ശ്രീചിത്രോദയമഞ്ജരീഭാഷാഗ്രന്ഥാവലിയിലെ നാലാം നമ്പരായി അച്ചടിപ്പിക്കുകയും ചെയ്തു. പക്ഷേ ആ പതിപ്പ് അത്യന്തം സ്ഖലിതജടിലമാണ്. രാമചരിതത്തിൽ ആകെ നൂറ്ററുപത്തി നാലു പരിച്ഛേദങ്ങളും ഓരോ പരിച്ഛേദത്തിലും പ്രായേണ പതിനൊന്നു വീതം പാട്ടുകളുമുണ്ട്. പന്ത്രണ്ടുവീതം പാട്ടുകളുള്ള പതിന്നാലും പത്തുവീതമുള്ള നാലും പരിച്ഛേദങ്ങളുമില്ലെന്നില്ല. [1] അങ്ങനെ മൊത്തത്തിൽ 1814 പാട്ടുകളുൾക്കൊള്ളുന്ന ഒരു ബൃഹൽകൃതിയാണ് രാമചരിതം. ഓരോ പരിച്ഛേദത്തിലും പതിനൊന്നു പാട്ടുകൾവീതം ഉൾപ്പെടുത്തുക എന്നുള്ളതു ചില നായനാരന്മാരുടേയും ആഴ്വാരന്മാരുടെയും ശൈലിയുടെ അനുകരണമാകുന്നു. സംബന്ധർ, അപ്പർ ഇവരുടെ തേവാരങ്ങളിലേയും പെരിയാഴ്വാർ, ആണ്ടാൾ, കുലശേഖരആഴ്വാർ ഇവരുടെ തിരുമൊഴികളിലേയും പരിച്ഛേദങ്ങൾ ഇത്തരത്തിലുള്ളവയാണ്. അവയിൽ ചില പരിച്ഛേദങ്ങളിൽ പത്തും മറ്റും ചിലവയിൽ ഒൻപതും പാട്ടുകളും കാണ്മാനുണ്ട്. ഈ പൂർവസൂരികളിൽനിന്നാണ് രാമചരിതകാരൻ പ്രസ്തുത രചനാപദ്ധതി സ്വീകരിച്ചതെന്നു ഞാൻ അനുമാനിക്കുന്നു.

പലമാതിരി വൃത്തങ്ങളിലാണ് ഈ പരിച്ഛേദങ്ങൾ നിർമ്മിച്ചിരിക്കുന്നതെങ്കിലും അവയെല്ലാം ഭിന്നവൃത്തങ്ങളാണെന്നു തെറ്റിദ്ധരിക്കരുത്. ആകെ ഇരുപതു വൃത്തങ്ങളിലധികം കവി പ്രയോഗിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അവ മാറിമാറി പ്രയോഗിക്കുന്നു എന്നേയുള്ളു. മലയാളത്തിൽ ഇന്നു നടപ്പുള്ള പല ദ്രാവിഡവൃത്തങ്ങളുടേയും പൂർവരൂപങ്ങൾ രാമചരിതത്തിൽ കാണ്മാനുണ്ട്. ‘ഉരയ്ക്കലാമവിടം നിന്നോടൊരുവരതരുണിവാനോർ’ എന്ന ഏഴാമത്തേയും ‘തഴൈനിഴലിലീട്ടം നീടാർ പടക്കോപ്പുമായ്’ എന്ന പതിമ്മൂന്നാമത്തേയും ‘വണ്ണമേലും മരാമരംകൊണ്ടുടൻ’ എന്ന ഇരുപത്തൊന്നാമത്തേയും ‘ഉടലിടമീട്ടം മാരുതിതന്നോട്ടുടനുരചെയ്താൻ വാനരർകോമാൻ’ എന്ന അൻപത്തൊന്നാമത്തേയും പരിച്ഛേദങ്ങളിലെ വൃത്തങ്ങളാണ് പിൽകാലത്തു യഥാക്രമം കേകയും മണികാഞ്ചിയും ദ്രുതകാകളിയും (പാന) തരങ്ഗിണിയും (ഓട്ടൻതുള്ളൽവൃത്തം) ആയി പരിണമിക്കുന്നത്. ഇവയിൽ ചിലപ്പതികാരത്തിലും മറ്റും കാണുന്ന ‘അകവൽ’ വൃത്തത്തിന്റെ പരിണതരൂപമാണ് ഓട്ടൻതുള്ളൽവൃത്തം. നിരണംകൃതികളിൽ പ്രായേണ പ്രയുക്തമായിട്ടുള്ളത് ഈ വൃത്തംതന്നെയാകുന്നു. ഇതുകൂടാതെ മണികാഞ്ചിയും രാമചരിതം നാലാം പരിച്ഛേദത്തിലെ ‘പിരിയരുതാത നീയിങ്ങനെ പിതാവു വെടിഞ്ഞു നാടും’ എന്ന വൃത്തവും മറ്റും കൂടിയുണ്ട്. ചില പദങ്ങൾക്കെന്നതുപോലെ ചില വൃത്തങ്ങൾക്കും സംസ്കൃതം ദ്രാവിഡഭാഷയോടു കടപ്പെട്ടിരിക്കുന്നു. ‘ഇന്തവണ്ണമേയിരുൾ മറ്റെന്തിതിടമുര’ എന്ന മൂന്നാമത്തേയും ‘ഏകിനോരളവേ നിചാചരരെങ്കും വൻപടയാക്കിനാർ’ എന്ന ഇരുപത്തിരണ്ടാമത്തേയും ‘പൂണ്ട മൈയലടവേ കളൈന്തു പുകഴ്മിന്നും മന്നവരെഴുന്തുപോർ’ എന്ന പതിനേഴാമത്തേയും ‘കുറവോടു പിളർന്തൊഴുകും കുരുതി’ എന്ന അറുപത്താറാമത്തേയും ‘ഒക്കെങ്ങുമറിഞ്ഞിട്ടവയെല്ലാം നിരവേവീഴ്ന്തു’ എന്ന നൂറാമത്തേയും പരിച്ഛേദങ്ങളിലെ വൃത്തങ്ങളാണ് സംസ്കൃതത്തിൻ യഥാക്രമം, ഇന്ദുവദന, മഞ്ജരി, കുസുമമഞ്ജരി, തോടകം, മദനാർത്ത എന്നീ വൃത്തങ്ങളായി വികസിക്കുന്നത്.

എതുകയിലും മോനയിലും കവി പ്രശംസാവഹമായ വിധത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്.

> “താരിണങ്കിന തഴൈക്കുഴൽമലർത്തയ്യൽമുലൈ–
> ത്താവളത്തിലിളകൊള്ളുമരവിന്തനയനാ!
> ആരണങ്കളിലെങ്ങും പരമയോകികളുഴ–
> ൻറാലുമെൻറുമറിവാനരിയ ഞാനപൊരുളേ!
> മാരി വന്തതൊരു മാമലയെടുത്തു തടയും
> മായനേയരചനായ് നിചിചരാതിപതിയെ
> പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്വാൻ
> പോകിപോകചയനാ, കവിയെനക്കരുൾചെയ്യേ”

എന്ന പാട്ടിൽ ‘താരിണങ്കിന’ എന്നു തുടങ്ങി ‘നയനാ’ എന്നവസാനിക്കുന്നതുവരെയുള്ളതാണ് പ്രഥമപാദം. രണ്ടുമുതൽ നാലുവരെ പാദങ്ങളിൽ പ്രഥമ പാദത്തിലെ ദ്വിതീയാക്ഷരമായ ‘രി’യുടെ ആവൃത്തി കാണുന്നുണ്ടല്ലോ; അതാണ് എതുക. ഓരോ പാദത്തിനും പൂർവാർദ്ധവും ഉത്തരാർദ്ധവുമുണ്ട്. മേൽ ഉദ്ധരിച്ച പാട്ടിൽ പൂർവാർദ്ധത്തിലുള്ള താ, മാ, ആ, പോ, ഈ അക്ഷരങ്ങളുടെ ആവർത്തനം യഥാക്രമം ഉത്തരാർദ്ധാരംഭത്തിൽ കാണുന്നുണ്ടല്ലോ; അതാണ് മോന. ദ്രാവിഡകവികൾ തന്നെ എതുകയ്ക്കുള്ള പ്രാധാന്യം മോനയ്ക്കു കല്പിയ്ക്കാറില്ല. രണ്ടിനും അതാതിന്റെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ അക്ഷരസാജാത്യമല്ലാതെ, അക്ഷരൈക്യം വേണമെന്നു നിർബ്ബന്ധവുമില്ല. ഇവയ്ക്കു പുറമേ ‘അന്താദിപ്രാസവും’ രാമചരിതകാരൻ നിയമേന പ്രയോഗിക്കുന്നു. ഒരു പാട്ടിന്റെ അവസാനത്തിലുള്ള ഏതെങ്കിലും ഒരു പദംകൊണ്ടു വേണം അടുത്ത പാട്ടാരംഭിക്കുവാൻ എന്നുള്ളതാണ് അതിനെ സംബന്ധിച്ച വിധി. അന്താദിപ്രാസം അച്ചടി എന്നല്ല, ലിപിപോലും, ഇല്ലാതിരുന്ന ഒരു കാലത്തു ജനങ്ങളുടെ ധാരണാശക്തിയെ സഹായിക്കുന്നതിനു വേണ്ടി ദ്രാവിഡ കവികൾ കണ്ടുപിടിച്ച ഒരു ഉപായമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. രാമചരിതത്തിലെ ആദ്യത്തെ പാട്ട് ‘ഞാനപൊരുളേ’ എന്ന പദത്തിൽ അവസാനിക്കുകയും രണ്ടാമത്തെ പാട്ട് ‘ഞാനമെങ്കൽ’ എന്ന് ആരംഭിക്കുകയും ചെയ്യുന്നതു നോക്കുക. തമിഴ്സാഹിത്യത്തിൽ ‘അന്താതി’ എന്ന ഇനത്തിലുള്ള ലഘുസ്തോത്രങ്ങളിലാണ് ഈ പ്രാസം സാധാരണമായി പ്രയോഗിച്ചുകണ്ടിട്ടുള്ളത്. എന്നാൽ പൂർവ്വകാലങ്ങളിൽ ഇതരകൃതികളിലും അതിനു പ്രവേശമുണ്ടായിരുന്നു എന്നുള്ളതിനു ‘പതിറ്റുപ്പത്തി’ ലെ നാലാമത്തെ പത്ത് ജ്ഞാപകമാകുന്നു. ഇതു ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. മലയാളസാഹിത്യത്തിൽ പാട്ട് എന്ന വിഭാഗത്തിൽപ്പെട്ട ഒരു കൃതി എത്ര ദീർഘമായാലും അതിൽ അന്താദിപ്രാസം നിരണംകവികളുടെ കാലത്തുപോലും അനപേക്ഷണീയമായിരുന്നു. ഓരോ പരിച്ഛേദത്തിന്റേയും സമാപ്തിപോലും ഈ പ്രാസത്തിന്റെ തുടർച്ചയ്ക്കു ബാധകമല്ല.

### വിഷയം

രാമചരിതം എന്നാണ് ഗ്രന്ഥത്തിന്റെ പേരെന്ന്

> “മനകുരുന്തിലിളകൊള്ളുമരവിന്തനയനൻ
> മലർമടന്തയൊടുകൂടെ വന്തിരാമചരിതം
> കനമഴിന്തു മൊഴിവോർക്കുമതു കേട്ടു മനതാർ
> കളികൊൾവോർക്കുമിടരേതുമൊരുപോതുമണയാ.”

എന്ന ഫലശ്രുതിയിൽനിന്നും വെളിവാകുന്നു. അങ്ങിനെയാണെങ്കിലും രാമായണകഥ മുഴുവൻ അതിൽ പ്രതിപാദിക്കണമെന്നു തനിക്ക് ഉദ്ദേശമില്ലെന്ന്

> “ഊനമറ്റെഴുമിരാമചരിതത്തിലൊരു തെ–
> ല്ലുഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്‌വാൻ
> ഞാനുടക്കിനതിനേണനയനേ! നടമിടെൻ
> നാവിലിച്ചയൊടു വച്ചടിയിണക്കമലതാർ.”

എന്ന സരസ്വതീവന്ദനത്തിൽ കവി നമ്മെ ധരിപ്പിക്കുകയും ആ ‘തെല്ല്’ ‘അരചനായ് നിചിചരാതിപതിയെ പോരിൽ നീ മുന്നം മുടിത്തമ’ അതായതു രാവണനിഗ്രഹവിഷയകമായ യുദ്ധകാണ്ഡമാണെന്നു സൂചിപ്പിക്കുകയും ചെയ്യുന്നു. ‘ആതികാലമുള്ളരുംതൊഴിൽകൾ ചെയ്തവ കഴിഞ്ഞാഴിമാനിനിയെ മീണ്ട വഴിക്കുറക’ എന്നുള്ളതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. സുന്ദരകാണ്ഡാവസാനംവരെയുള്ള ഇതിവൃത്തം ‘ഉരപ്പതരിപ്പമെങ്ങളാൽ’ എന്നും മറ്റും പറഞ്ഞു ചുരുക്കിക്കളയുന്നുണ്ടെങ്കിലും പ്രാസങ്ഗികമായി അതിൽപ്പെട്ട കഥകളേയും അവിടവിടെ ഘടിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ചു ശ്രീരാമന്റെ പട്ടാഭിഷേകത്തിനു മുമ്പു ഭരതൻ താൻ ചിത്രകൂടത്തിൽവച്ചു ജ്യേഷ്ഠനെ സന്ദർശിച്ചതിനുമേലുള്ള വൃത്താന്തങ്ങൾ അറിയണമെന്ന് ആശിച്ചപ്പോൾ ഹനുമാൻ അതിനെ വിസ്തരിച്ചു പറഞ്ഞുകേൾപ്പിക്കുന്നു. അതിലേയ്ക്കു കവി നൂറ്റിരുപത്തെട്ടുമുതൽ നൂറ്റൻപത്തഞ്ചുവരെ ഇരുപത്തെട്ടു പരിച്ഛേദങ്ങളോളം വിനിയോഗിക്കുന്നുണ്ട്. യുദ്ധകാണ്ഡപ്രതിപാദകമായ രാമചരിതത്തിൽ തദനുരോധേന ഒരു യുദ്ധകാണ്ഡസംക്ഷേപംകൂടി അദ്ദേഹം ഉൾപ്പെടുത്തിക്കാണുന്നു. ആരണ്യകാണ്ഡകഥയും വളരെ വിവൃതമായി വർണ്ണിക്കുന്നു.

### കവിയും കാലവും

രാമചരിതം നിർമ്മിച്ചതു തിരുവിതാങ്കൂറിലെ ഒരു മഹാരാജാവാണെന്നും അതിൽ യുദ്ധകാണ്ഡകഥമാത്രം വർണ്ണിച്ചതു തന്റെ യോദ്ധാക്കളുടെ ഹൃദയോത്തേജനത്തിനുവേണ്ടിയാണെന്നും ഒരൈതിഹ്യമുണ്ട്. ‘ഇകലിൽ വെൻറി വിളയും’ എന്ന ഫലശ്രുതി ഈ ഐതിഹ്യത്തിന് ഉപോൽബലകവുമാണ്. ആ മഹാരാജാവിന്റെ പേർ ആദിത്യവർമ്മാവാണെന്നു കുറെക്കാലം പണ്ഡിതന്മാർ സങ്കല്പിച്ചിരുന്നു; അതു തെറ്റാണെന്നും കവിയുടെ നാമധേയം ശ്രീരാമനാണെന്നുമുള്ളതിനു ഗ്രന്ഥത്തിൽത്തന്നെ ലക്ഷ്യമുണ്ട്.

> “ഏതു നല്ല വഴിയല്ലലെന്നുമോളങ്ങളറൈ–
> ന്തേവരും തളരുമാറുവരും വൻപിറവിയാം
> ഓതയിൽക്കിടന്നു നീന്തുമതൊഴിത്തുകൊൾവതി–
> നൊൻറുമില്ല തൊഴിലേതും മികവെൻറ നിനവാൽ
> ആതിതേവനിലമിഴ്ന്ത മനകാമ്പുടയ ചീ–
> രാമനൻപിനൊടിയറ്റിന തമിഴ്ക്കവിവല്ലോർ
> പോതിൽമാതിനിടമാവരുടൽ വീഴ്വതിനുപിൻ
> പോകിപോകചയനൻ ചരണതാരടവരേ”

എന്ന ഒടുവിലത്തേപ്പാട്ടു നോക്കുക. [2]

‘ചീരാമൻ’ എന്നതു ശ്രീരാമൻ എന്ന പദത്തിന്റെ തത്ഭവമാണെന്നും അദ്ദേഹം ക്രി. പി. 1195 മുതൽ 1208 വരെ തിരുവിതാങ്കൂർ ഭരിച്ച മണികണ്ഠബിരുദാലങ്കൃതനായ ശ്രീവീരരാമവർമ്മാവാണെന്നുമാണ് എന്റെ അഭിപ്രായം. ‘പോകിപോകചയനാ, കവിയെനക്കരുൾചെയ്യേ’ എന്ന് ആരംഭത്തിലും ‘പോകിപോകചയനൻ ചരണതാരണവരെ’ എന്ന് അവസാനത്തിലും പ്രസ്താവിച്ചിട്ടുള്ളതിനുപുറമേ ഒടുവിൽ “പല്പനാപൻതൻവിമാനവരമേറിയരുളിപ്പാല്ക്കടൽക്കു മെല്ലെ നിന്റെഴുന്നത്തുടങ്ങിനാൻ” എന്നു പറഞ്ഞിട്ടുള്ളതും കവിയുടെ കുലദൈവം അനന്തശയനനായ ശ്രീപത്മനാഭനാണെന്നു സൂചിപ്പിക്കുന്നു. ‘ചീരാമൻ’ എന്നതു ‘ശിവരാമൻ’ എന്ന പദത്തിന്റേയും തത്ഭവമാകാമെന്നും ‘ഭോഗിഭോഗശയനൻ’ എന്ന പദത്തെ മഹാവിഷ്ണുവിന്റെ ഒരു പര്യായമെന്ന നിലയിൽ മാത്രമേ ഗണിക്കേണ്ടതുള്ളു എന്നും ഐതിഹ്യമനുസരിച്ചു പ്രണേതാവാകേണ്ട ആദിത്യവർമ്മാവിന് അതിനു തരമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ ചാർച്ചക്കാരനായി ഒരു ശ്രീരാമനുണ്ടെന്നു വേണമെങ്കിൽ സമ്മതിക്കാമെന്നും ഒരു പക്ഷാന്തരം ഉത്ഭവിച്ചിട്ടുണ്ട്. ശ്രീരാമൻ, ശിവരാമൻ എന്നീ രണ്ടു പദങ്ങളിൽ ഏതിനാണ് ശ്രീരാമപദത്തിന്റെ തത്സമമാകുവാൻ യോഗ്യതയുള്ളതെന്നു ശബ്ദശാസ്ത്രനിഷ്ണാതന്മാർ നിർണ്ണയിച്ചുകൊണ്ടാൽ മതി. ‘ചീ’ എന്ന പദത്തിനു ‘ശ്രീ’ ലക്ഷ്മി എന്നു തമിഴിൽ അർത്ഥമുണ്ട്. ബഹുമാനസൂചകമായി സംജ്ഞാനാമങ്ങൾക്കും മറ്റും മുൻപിൽ അതു ചേർക്കാവുന്നതുമാണ്.

ഈ വിധിക്കു ചീരാമൻ, ചീപാതം, (ശ്രീപാദം) എന്നു രണ്ടുദാഹരണങ്ങൾ മദിരാശി വിശ്വവിദ്യാലയദ്രാവിഡനിഘണ്ടുവിൽ എടുത്തുകാണിച്ചിട്ടുമുണ്ട്. മറ്റു വാദകോടികളും ക്ഷോദക്ഷമങ്ങളല്ല. ശ്രീവീരരാമവർമ്മാവിന്റെ ശിലാരേഖകൾ തിരുവനന്തപുരത്തു മിത്രാനന്ദപുരത്തും നെയ്യാറ്റിൻകരയിൽ വെള്ളായണിയിലും അഗസ്തീശ്വരത്തു പുരവശ്ശേരിയിലും കാണ്മാനുണ്ട്. പുരവശ്ശേരിയിലെ രേഖയിൽനിന്ന് അദ്ദേഹം ഋഗ്വേദവും യജുർവേദവും പഠിപ്പിക്കുന്നതിന് ആ ക്ഷേത്രത്തിൽ രണ്ട് ഉപാധ്യായന്മാരെ നിയമിച്ചതായി വെളിപ്പെടുന്നു. രാമചരിതകാരൻ കൊല്ലം നാലാംശതകത്തിൽ ജീവിച്ചിരുന്നു എന്നു ഞാൻ പറയുന്നതു ഗ്രന്ഥത്തിലെ ഭാഷയെ ആസ്പദമാക്കി മാത്രമല്ല, വാല്മീകിരാമായണത്തിനു പുറമേ അദ്ദേഹം ക്രി. പി. 1120-1200 ഈ വർഷങ്ങൾക്കിടയിൽ ദ്രാവിഡദേശത്തെ അലങ്കരിച്ചിരുന്ന കവിചക്രവർത്തിയായ കമ്പരേയും ചില ഘട്ടങ്ങളിൽ ഉപജീവിച്ചിരുന്നതായി തോന്നുന്നതുകൊണ്ടുമാണ്. കമ്പർക്കും രാമചരിതകാരനും ശ്രീരാമൻ മഹാവിഷ്ണുവിന്റെ അവതാരമാണെന്നുള്ള വിശ്വാസം ആദ്യന്തമുണ്ട്. ആദികവിയാകട്ടെ അപൂർവം ചില അവസരങ്ങളിലൊഴികെ അവിടുത്തെ കേവലം ഒരു രാജകുമാരനായി മാത്രമേ അവതരിപ്പിക്കുന്നുള്ളു. വിഭീഷണോപദേശം മുതലായ സന്ദർഭങ്ങളിൽ രാമചരിതകാരൻ കമ്പരെ സ്മരിക്കുന്നതായി തോന്നുന്നു. കമ്പർ കേരളത്തിൽ വരികയും അനേകം പണ്ഡിതസദസ്സുകളിൽ തന്റെ രാമായണം പാടിക്കേൾപ്പിക്കുകയും ചെയ്തതായി പുരാവൃത്തം ഘോഷിക്കുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുയായി എന്ന നിലയിൽ ആ ആഗമനത്തിന്റെ സ്മരണ മന്ദീഭവിക്കുന്നതിനു മുമ്പിൽ രാമചരിതകാരൻ തന്റെ ഗ്രന്ഥം കേരളഭാഷയിൽ പാട്ടായി രചിച്ചു എന്നൂഹിക്കുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. പുനത്തിന്റെ രാമായണചമ്പുവിൽ ശൂർപ്പണഖയുടെ

> “വിണ്ണോർകോനേതുമാകാവുണരുവതിനവ–
>     ന്നോർക്കിലങ്ഗേഷു നീളെ–
> ക്കണ്ണല്ലോ; വഹ്നിയോടുള്ളണവുമവ നിന–
>     ച്ചാൽ മരിച്ചെന്നി വേണ്ട”

എന്നും മറ്റും സുപ്രസിദ്ധമായ ഒരു ദേവോപാലംഭമുണ്ടല്ലോ. ആ ആശയത്തിന്റെ ഉപജ്ഞാതാവായി കരുതേണ്ടതു രാമചരിതകാരനെയാണ്.

> “ഇക്കുവില്ലവന്നു തനിയേ പകയനല്ലോ;
> ഈചനളകേചനപിമാനി പെരികാനാൽ
> കൈക്കൊള്ളരുതങ്കിയൊടടുക്കിലുടലം വേം;
> കാലനുലകുക്കുയിർ പറിക്ക തൊഴിലെൻറും”

എന്നും മറ്റും നൂറ്റിമുപ്പത്തൊന്നാം പരിച്ഛേദത്തിലുള്ള പ്രസ്താവന നോക്കുക. രാമചരിതകാരനു പുനമാണ് ഉപജീവ്യൻ എന്നു പറഞ്ഞാൽ നിരണംകവികളേക്കാൾ അർവാചീനനാണ് രാമചരിതകാരൻ എന്നു സമ്മതിക്കേണ്ടിവരും. അത് ഒരു വിധത്തിലും നിരക്കുന്നതല്ല.

---

1. മുദ്രിതപുസ്തകത്തിൽ 139-ആം പരിച്ഛേദത്തിൽ പത്തരപ്പാട്ടുകളാണ് കാണുന്നത്. അതു തെറ്റാണ്; വാസ്തവത്തിൽ പന്ത്രണ്ടു പാട്ടുകളുണ്ട്. ഒരു പാട്ടിന്റെ ഉത്തരാർദ്ധവും മറ്റൊരു പാട്ടും വിട്ടുപോയിരിക്കുന്നു.
2. ‘കവിവല്ലോർ’ എന്നും ‘പോതിൽമാതിനിടം’ എന്നുമുള്ള പാഠങ്ങളെക്കാൾ ‘കവി ചൊല്‌വോർ’ എന്നും ‘ഓതിൽമാതിനിടം’ എന്നുമുള്ള പാഠങ്ങളാണ് സ്വീകാര്യങ്ങൾ എന്ന് ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. ‘വല്ലോർ’ എന്നാൽ സമർത്ഥൻ എന്നർത്ഥം; പ്രസ്തുത കൃതിയിൽ പരിജ്ഞാനമുള്ളവർ എന്നു താൽപര്യം. ‘കവി ചൊല്ലുണ’മെന്നില്ല; അതറിഞ്ഞാൽ മതി. പോത് എന്നാൽ പുഷ്പമെന്നർത്ഥം; പോതിൽമാതു മലർമങ്ക, ലക്ഷ്മീദേവി. ഓതയിൽമാത് ഓതിൽ മാതായി ചുരുങ്ങുകയില്ല; ചുരുങ്ങി എന്നുവെച്ചാലും ‘ഓതയിൽകിടന്നു’ എന്നു കവി മുമ്പു തന്നെ ഒരു പാദത്തിൽ എഴുതിപ്പോയതുകൊണ്ട് ഓത എന്ന പദം ആവർത്തിക്കുന്നതുമല്ലോ. പോരാത്തതിന് ‘ഓതിൽമാത്’ എന്ന് ഒരു വരിയുടെ പൂർവാർദ്ധവും പോകിപോകചയനൻ എന്ന് ഉത്തരാർദ്ധവും ആരംഭിച്ചാൽ ആ വരിയിൽ മോന ഉണ്ടായിരിക്കുകയില്ല: അങ്ങനെ ഏതു വഴിക്കുനോക്കിയാലും പ്രസ്തുതപാഠത്തിനു ഗതി കല്പിക്കുവാൻ നിവൃത്തിയില്ലാതെയിരിക്കുന്നു.

## 3 രാമചരിതം ഒരു തമിഴ്ക്കൃതിയോ മിശ്രഭാഷാകൃതിയോ?

ചില പണ്ഡിതന്മാർ രാമചരിതം കമ്പരാമായണം പോലെയുള്ള ഒരു ചെന്തമിഴ്ക്കൃതിയാണെന്നും മറ്റു ചിലർ അതു കണിയാങ്കുളത്തുപോരു്, രാമകഥപ്പാട്ടു് മുതലായവ പോലെ ഇടക്കാലത്തു തെക്കൻതിരുവിതാംകൂറിലുണ്ടായ ഒരു മിശ്രഭാഷാകൃതിയാണെന്നും അഭിപ്രായപ്പെടുന്നു. ഈ രണ്ടഭിപ്രായവും യുക്തിസഹമല്ല. ഞാൻ പ്രസിദ്ധപ്പെടുത്തിയിടത്തോളമുള്ള രാമചരിതത്തിന്റെ ഭാഗങ്ങൾ വായിച്ചുനോക്കി ദ്രാവിഡഭാഷാപണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്ന ശ്രീ. റ്റി. ഏ. ഗോപിനാഥരായർ ചെന്തമിഴ്മാസിക പതിമ്മൂന്നാം സഞ്ചികയിൽ താഴെ കാണുന്നവിധം പ്രസ്താവിക്കുകയുണ്ടായി. “ഈ കാവ്യം ഇതുവരെ കണ്ടിട്ടുള്ള കേരളഭാഷാ കൃതികളിൽ പ്രാചീനമായതാണു്. ഇതിന്റെ കാലം ഇന്നുവരെ നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും ഇതിനു വളരെ പഴക്കമുണ്ടെന്നു തെളിയുന്നു…ഇതു തമിഴ്കാവ്യമോ മലയാളകാവ്യമോ എന്നു തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. ചില പ്രയോഗങ്ങൾ മലയാളത്തെ അനുസരിക്കുന്നതുകൊണ്ടും ഉൽപത്തിസ്ഥാനം കേരളമായതുകൊണ്ടും മലയാളകാവ്യമെന്നു പറയാമെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിലെ ഭാഷ തമിഴാണെന്നു ശീഘ്രമായി ബോധപ്പെടുന്നതാണു്. ഇതിനെയാണു് മലയാളികൾ മലയാളഭാഷയെന്നു പറയുന്നതു്. മലയാളമെന്നൊരു തനിബ്ഭാഷയില്ലെന്നും അതു പഴന്തമിഴ്തന്നെയാണെന്നും ഞാൻ മുമ്പുതന്നെ തെളിയിച്ചിട്ടുണ്ടു്.” പ്രസ്തുത കൃതിയുടെ പ്രാചീനതയെ സംബന്ധിച്ചിടത്തോളം ആ പണ്ഡിതന്റെ പ്രസ്താവന സ്വീകാരയോഗ്യമാണു്. അദ്ദേഹം ആദ്യത്തെ പരിച്ഛേദത്തിൽ താഴെക്കാണുന്ന പദങ്ങളും മറ്റു മലയാളമാണെന്നു സമ്മതിക്കുന്നു. (1) ഞാൻ (യാൻ), (2) തുനിയൽ (തുണിയൽ), (3) വിളയിച്ചു തെളിയിച്ച (വിളൈവിച്ചു തെളിവിച്ച), (4) ചെറിയവർ (ചിറിയവർ), (5) എങ്ങും (എങ്കും), (6) പതിയെ (പതിയൈ), (7) തന്തതം (ചന്തതം), (8) അറഞ്ഞ (അറൈഞ്ച), (9) മകരകേതനനുടേ (മകരകേതനനുടൈയ), (10) കുമ്പ (കുമ്പ), (11) മാഴനീൺമിഴിയെ (മാഴൈനീൺമിഴിയൈ), (12) പൊരുന്ന (പൊരുകിൻറ), ഇതിൽനിന്നു് അദ്ദേഹം രാമചരിതം ഒരു തനിച്ചെന്തമിഴ്ക്കൃതിയെന്നു ശഠിച്ചിരുന്നില്ലെന്നു കാണാവുന്നതാണു്. ഈ വസ്തുത ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ഒന്നുകൂടി വിശദമാക്കാം. താഴെക്കാണുന്ന വാക്കുകളും വരികളും രാമചരിതത്തിലുള്ളവയാകുന്നു. (1) എന്മാൻ (എന്നു പറവാൻ), (2) ഉണ്ടായിതൊട്ടൊരു പിണക്കമവർ തമ്മിൽ, (3) പോർവില്ലുമായരിയ പോർക്കളരി പുക്കാൻ, (4) മമ്മാ (പിൽകാലത്തു ചമ്പുക്കളിൽ കാണുന്ന ആശ്ചര്യദ്യോതകമായ ഒരു വ്യാക്ഷേപകം), (5) കണ്ടില്ല മുമ്പിലിങ്ങു വന്നവരെ ഞാനോ, (6) നന്നാലു താ (സാ) യകങ്ങളെറ്റിയതികായൻ നമ്മോടൊല്ലായിവയെല്ലാമെന നടന്താൻ, (7) മുക (ഖ) പങ്കച (ജ) മണിഞ്ഞു വിയർപ്പുതുള്ളികൾ, (8) ചെങ്കിച്ചിതറിയമിഴികളോടും, (9) മുമ്പിലൊരറിവു നിനക്കുണ്ടായോ, (10) എരിപൊരിയെടുത്തു വേവുറ്റെഴിൻറതു കുറ്റമല്ല, (11) കുറിയോലയും നല്കി, (12) കോയിൽകൊൾകയിനിയെന്നുമേ, പിതിട്ടു് (പിശിട്ടു്), വേളാവിക്കുക (ആക്രമിക്കുക), ഇടങ്ങേടു്, അണയ (സമീപത്തു), ഓരോപാടേ, പൊലിക്കാണം, ചെഞ്ചെമ്മേ മുതലായി തമിഴിൽ പ്രയോഗമില്ലാത്ത വേറേയും അനേകം പദങ്ങൾ ഈ കൃതിയിൽ കാണ്മാനുണ്ടു്. ലിങ്ഗവചന പ്രത്യയങ്ങൾ ചേർക്കാതെ ‘പെരുതാകിന്റ മുന്നം വന്തു്’ എന്നും ‘മുടിന്തടലിൽ വീഴ്ന്തു്’ എന്നും മറ്റുമുള്ള പൂർണ്ണ ക്രിയാപദങ്ങളും ഇതിൽ ധാരാളമായുണ്ടു്. അന്തരാ, അവിരതം, അനവരതം, വിയതി (ആകാശത്തിൽ), വാചി (വാക്കിൽ), വാചാ (വാക്കുകൊണ്ടു്), അനന്തരം, നിയതം, ആമരണാന്തം, വാരണാനനൻ, ചരണേ (ചരണത്തിൽ), കേകീനാം (കേകികളുടെ) കാനനേ (കാട്ടിൽ) തുടങ്ങിയ സംസ്കൃത പദങ്ങളും ഇല്ലെന്നില്ല. ഈ തെളിവുകളെല്ലാം വച്ചുനോക്കുമ്പോൾ രാമചരിതം ഒരു ചെന്തമിഴ്ക്കാവ്യമാണെന്നു് അഭിജ്ഞന്മാർ പറയുന്നതല്ല. ഇതിൽനിന്നു യഥാകാലം, യഥാക്രമം സഞ്ജാതമാകുന്ന വികാസമാണു് നിരണംകൃതികളിൽ നാം നിരീക്ഷിക്കുന്നതു്. പ്രസ്തുത കൃതിക്കും കണിയാങ്കുളത്തുപോരിനും തമ്മിൽ ഏകോദരസഹോദരത്വം സങ്കല്പിക്കുന്ന പണ്ഡിതന്മാരോടും എനിക്കു മേലുദ്ധരിച്ച ഉദാഹരണങ്ങൾതന്നെയാണു് തെളിവായി പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നതു്. ഇത്തരത്തിൽ ഒരു വാക്യമോ വാചകമോ വാക്കോ കന്നടിയൻപോരു മുതൽ ദിവാൻവെറ്റിവരെയുള്ള തെക്കൻപാട്ടുകളിൽ നിന്നു് ഉദ്ധരിച്ചു സ്വപക്ഷം സ്ഥാപിക്കുവാൻ കഴിയുമോ എന്നു് അവർ പരീക്ഷിയ്ക്കട്ടെ; സാധിക്കുകയില്ല. അതിനു കാരണം രാമചരിതം അതുണ്ടായ കാലത്തു മലയാളം പാട്ടിനു് ഉപയോഗിച്ചിരുന്ന സാഹിത്യഭാഷയിലും ഇതരകൃതികൾ അതാതു കാലത്തു തെക്കൻതിരുവിതാംകൂറിൽ പ്രചരിച്ചിരുന്ന നാടോടിത്തമിഴിലും രചിച്ചിട്ടുള്ളതു തന്നെയാണു്. രണ്ടാമത്തെ ഇനത്തിൽപ്പെട്ട കൃതികൾ പ്രായേണ കുടപ്പനയോലയിലല്ലാതെ താളിയോലയിൽ എഴുതി വയ്ക്കുകപോലും പതിവില്ലായിരുന്നു; ചിറയിൻകീഴിനു വടക്കു് അവയിൽ ഒന്നുപോലും കണ്ടെടുക്കാൻ കഴിയുന്നതുമല്ല. രാമചരിതത്തിന്റെ സ്ഥിതി അതൊന്നുമല്ല; അതു കണ്ണശ്ശരാമായണവും അദ്ധ്യാത്മരാമായണം കിളിപ്പാട്ടുപോലെ കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റം വരെ അനേകം പഴയ ഗ്രന്ഥപ്പുരകളിൽ കാണാവുന്നതാണു്. വട്ടെഴുത്തിൽ പകർത്തീട്ടുള്ള അതിന്റെ പ്രതീകങ്ങളുമുണ്ടു്. ഉത്തരകേരളത്തിൽനിന്നു് അതിന്റെ പല പ്രതികളും കണ്ടുകിട്ടീട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ സ്മരണീയമാണു്. ‘വന്തു’ എന്ന പദം ‘വൻറ്’ എന്നും ‘മന്തു്’ എന്ന പദം ‘മൻറ്’ എന്നും രാമചരിതത്തിൽ കൃത്രിമമായി പ്രയോഗിച്ചിരിക്കുന്നതിനാൽ ആ കൃതിക്കു് അർവാചീനത്വം കല്പിക്കണമെന്നു ചിലർ പറയുന്നതിലും അർത്ഥമില്ല. ‘വന്റേൻ’ എന്നൊരു രൂപം ലീലാതിലകകാരൻ രണ്ടാംശില്പത്തിൽ നമുക്കു കാണിച്ചുതരുന്നതിനു പുറമേ ‘വൻറിട്ടന്റ വിഷണ്ണനായതറിവിൻ’ എന്ന ഭാഗം ഉൾക്കൊള്ളുന്ന ഒരു ശ്ലോകം നാലാംശില്പത്തിൽ ഉദ്ധരിക്കുകയും ചെയ്യുന്നു. മന്നിനു മന്റെന്നുള്ള രൂപാന്തരവും പ്രയോഗസിദ്ധമാണു്. ‘മൻറിൽച്ചെല്വം പെരിയ തിരുവാമ്പാടിയിൽക്കുടിയാടി’ എന്നും മറ്റുമുള്ള ഉണ്ണുനീലിസന്ദേശശ്ലോകങ്ങൾ നോക്കുക. ലീലാതിലകത്തിൽ രാമചരിതത്തിൽനിന്നു് ഒരു ഭാഗവും ഉദ്ധരിച്ചിട്ടില്ലാത്തതുകൊണ്ടു് അതു് ആ ലക്ഷണഗ്രന്ഥത്തെ അപേക്ഷിച്ചു് അർവാചീനമാണെന്നു വാദിക്കുന്നതും അയുക്തമാണു്. ലീലാതിലകകാരൻ പാട്ടിനല്ല മണിപ്രവാളത്തിനാണു് ലക്ഷണഗ്രന്ഥം നിർമ്മിക്കുന്നതെന്നും അതിൽ ആനുഷങ്ഗികമായി മാത്രമേ പാട്ടിനെപ്പറ്റി പ്രസ്താവിക്കേണ്ട ആവശ്യകത അദ്ദേഹത്തിനു നേരിടുന്നുള്ളു എന്നും ആ ആവശ്യം അദ്ദേഹം ‘തരതലന്താൻ’ എന്ന വിഷ്ണുസ്തോത്രംകൊണ്ടു നിർവഹിക്കുന്നു എന്നും നാം ഓർമ്മിക്കേണ്ടതാണു്. അഭാവത്തിൽ നിന്നുള്ള അനുമാനം ദുർബ്ബലമാണെന്നുള്ളതു വിപ്രതിപത്തിക്കു വിഷയമല്ലല്ലോ.

### കവിത

രാമചരിതകാരൻ. വാല്മീകിമഹർഷിയെ ആദ്യന്തം അനുസരിച്ചുതന്നെയാണു് പ്രസ്തുതകാവ്യം രചിക്കുന്നതെങ്കിലും അവിടവിടെ കഥാഘടനയിൽപ്പോലും തന്റെ മനോധർമ്മരത്നങ്ങൾ മുക്തഹസ്തമായി വാരിവിതറീട്ടുണ്ടു്. രാമചരിതത്തിലെ രാവണൻ പഞ്ചവടിയിൽ ഭിക്ഷുവേഷത്തിൽ പ്രവേശിച്ചു് സീതാദേവിയെ ഭർത്തൃസന്നിധിയിൽ കൊണ്ടുചെന്നാക്കാമെന്നു പറയുന്നു. അപ്പോൾ ശൂർപ്പണഖ അവിടെ ആവിർഭവിച്ചു ദേവിയെ കൊന്നുതിന്നുമെന്നു ഭയപ്പെടുത്തുന്നു. അതു കണ്ടു വിറയ്ക്കുന്ന ദേവിയോടു രാവണൻ തേരിൽക്കേറുവാൻ ഉപദേശിക്കുന്നു. ആഗതന്റെ ഉദ്ദേശം “ഏതുമൊൻററിവില്ലാമയാൽ വെൻറിമെത്തിടുമയോത്തിവേന്തനെ വിരന്തു കാണ്മതിനു” വേണ്ടി ദേവി ആ ഉപദേശമനുസരിക്കുന്നു. ഈ പൊടിക്കൈയൊന്നും വാല്മീകിരാമായണത്തിലില്ല. പട്ടാഭിഷേകഘട്ടത്തിൽ നാരദമഹർഷിയെക്കൊണ്ടു കവി ദീർഘമായി ഒരു വിഷ്ണുസ്തോത്രം ഗാനം ചെയ്യിച്ചിരിക്കുന്നതും മൂലത്തിലുള്ളതല്ല. രാമചരിതത്തിലെ ആദിത്യഹൃദയം മൂലത്തേക്കാൾ ദീർഘമാണു്. രസനിഷ്ഠ, അലങ്കരണചാതുരി, മുതലായ വിഷയങ്ങളിൽ കവിപ്രശംസാർഹനാണെങ്കിലും അദ്ദേഹത്തിന്റെ അന്യാദൃശമായ പദഘടനാപാടവമാണു് എന്നെ അത്യന്തം ആനന്ദപരവശനാക്കീട്ടുള്ളതു്. ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ആ വശ്യവാക്കിന്റെ കവനകുശലത വെളിപ്പെടുത്താം.

#### (1) വിഭീഷണൻ രാവണനോടു പറയുന്നു

> “വേന്തർകോൻറനയനാകി വിർണ്ണവർക്കമുതായുള്ളിൽ–
> ച്ചാന്തിചേർ മുനിവർ തേടും തനിമറക്കാതലാകി
> പൂന്തൈക്കുഴലാൾ ചീതൈ പുണരണിമുലയ്ക്കുപ്പൂൺപാ–
> യാർന്തെഴമരക്കർ നഞ്ചായവനവതരിത്തുതയ്യാ.”

#### (2) പോർക്കളത്തിലെത്തിയ കുംഭകർണ്ണനെ കവി വർണ്ണിക്കുന്നു

> “തിര പൊരുന്തുമലയാഴിതനെയാഴമറിവാൻ
> തെചമുകൻ തിറമുറ്റംപടി പടൈത്ത വടിവോ?
>
> ***
>
> അഴിവില്ലാതെ കരുമാമലൈയൊരാളുരുവമാ–
> യടൽ നമ്മോടു തനിയേ കരുതി വൻറ വരവോ?
> പിഴകലാവിനതു കണ്ടുഉവിരുണ്ടമിടറൻ
> പെരികരിപ്പമൊടു മുപ്പുരമെരിത്തയുരുവോ?
> അഴിഞ്ഞു മാവെലിതന്നോടിരന്ന മാണിയുരുവാ–
> യവനിമണ്ഡലങ്ങൾ പണ്ടളന്ന കൊണ്ടൽവർണ്ണനോ?”

#### (3) ലക്ഷ്മണൻ ഇന്ദ്രജിത്തിനോടു പറയുന്നു

> “നീയേയെതിർക്കിലുമടൽക്കൊടുമ തങ്കം
> നിന്നോളം നല്ലവർ പകയ്ക്കിലുമനേകം
> കായാവൃതൻമലർ വണങ്കം നിറമേലും
> കാകുത്തനൊൺ കണകളാണയിതു ചൊല്ലാം
> തുയോ ചിലമ്പു[3] രതടത്തിടൈ നടത്തി–
> ത്തുവിന്റെ ചെങ്കുരുതിയോടുയിരകറ്റി
> പേയാമുടമ്പു കഴകം പരുന്തു കാകൻ
> പേയും പകുക്കുംവണ്ണമായ്ക്കളവൻ ഞാനേ.”

#### (4) ലക്ഷ്മണൻ മറ്റൊരവസരത്തിൽ ഇന്ദ്രജിത്തിനോടു പറയുന്നു

> “പൊരുവതിനുറപ്പു പോരിൽപ്പൊരുന്തിനോക്കിവണ്ണം
>     നിൻറു
> പരുപരപ്പറവതല്ലു; പഴിപ്പരതറിവോർ കേട്ടാൽ;
> ചരതമൊൻററിയേണ്ടും നീ – തകുപുകഴങ്കിതേവ–
> നൊരു മൊഴിയരുളിച്ചെയ്യല്ലൊരിക്കമായ്ച്ചുടുവതെങ്കം.
> എങ്കുമീ വനംകടോറുമീടിന മരങ്കളൈച്ചീർ–
> തങ്കിന പവനനൊക്കെത്തകർപ്പതും ചൊല്ലിയല്ല;
> ചെങ്കിന കരങ്കളാലേ തെരുതെരെപ്പറൈന്തോ ചൂടു–
> തങ്കിന വെയിലാൽ വെയ്യോൻ തപിപ്പിതും
>     തരണിതന്നെ?”

#### (5) ഇന്ദ്രജിത്തിന്റെ മരണംകേട്ട രാവണന്റെ വിലാപം

> “തനിമരം മൂലമറ്റു തരണിയിൽ വീഴ്ന്തപോലെ
> കനമഴിന്തവനിമീതു കമിഴ്ന്തവൻ വീഴ്ന്തുണർന്തു
> മനുകുലവീരനമ്പാൽ മറലിതൻ പുരം പുകുന്ത
> തനയൻതൻ ചരിതം പേചച്ചമയ്ന്തനരക്കർകോമാൻ.”
>
> ***
>
> “ഇതമിവിടെക്കുറയ്ന്തോയെന്നെയും കളൈന്തു ചെമ്മേ
> മതുമൊഴിയാളെ മണ്ടോതരിയെയുമറ മറന്തു
> കതിരവൻകുലത്തു മന്നൻ കണകളാം തുണയുമായു് നീ–
> യുതിരവുമണിന്തു കാലനുറവെടം പുകുന്തുകൊണ്ടു?”
>
> ***
>
> “അടലിടെയച്ചുരരുമ്പരമ്പരചാരിമാർ മ–
> റ്റിടയിടെക്കവികൾ വേന്തരിന്തിരനിവർകൾ കാണ
> ഉടലിടെ മനുചനമ്പേറ്റുടൈന്തു നീ വീഴ്ന്തുതേ നിൻ
> മുടിവു വന്തതിലുമേറ്റം മുഴത്തിതു തുയരെനിക്കേ.”

#### (6) രാവണൻ സാരഥിയോടു കോപിക്കുന്നു

> “കറകുറവല്ല വല്ലവനും ചകത്തിടയെന്നു കണ്ടോ
> കരുതലരോടു പോരിടെ മാറിയോടുക വെറ്റിയേൻറോ
> ഉറവുകനം നിനക്കവനോടിയൻറതു മൂലമായോ
> ഉരപെറുമത്തിരങ്കളെല്ലാമെനിക്കറിവില്ലയെൻറോ
> തിറമടലിൽച്ചുരുങ്കുകയോ കനക്കയെനിക്കു നേരേ
> തെളുതെളെ വൻറ വാണങ്ങൾ കണ്ടു കേവലമഞ്ചിയോ
>     ന–
> ല്ലറിവില്ലയാമയോ വിരവിൽത്തിരിത്തിതു തേരികല്ലേ–
> ൻറരചനടുത്തു കിട്ടിനപോതു തുട്ടരിൽ മുമ്പുള്ളോയേ.”

#### (7) ശ്രീരാമനു് അഭിമുഖമായി സീതാദേവി പ്രവേശിക്കുന്നു

> “നേരിടയാടുവാരണികൊങ്കയുഞ്ചുമടേറ്റിയേറ്റം
> നീലനെടുങ്കണ്ണീരിൽ നിറുത്തിയാനനപങ്കചം താ–
> ഴ്ത്താരമണിന്ത മാർവിടവും മറൈന്തു കരങ്കളാൽ മെ–
> യ്യാമതൊളിന്തു കാർകുഴൽകൊണ്ടും
>     നേർതുകിൽകൊണ്ടുമെല്ലാം
> താരണിചായൽ ചാനകി മെല്ലെ നാണിന വാണി ചോര–
> ച്ചാരയുലൈന്ത മെയ്യൊടൊതുങ്കി മെല്ലടികൊണ്ടുമൊട്ടേ
> പാരെയലങ്കരിത്തരചന്നടുത്തങ്ങിടത്തു വാനോർ–
> പാനകമാരുടൻ പലർ ചൂഴയൂഴി വിളങ്ക നിൻറാൾ.”

#### (8) കവി അഗ്നിശുദ്ധയായ ജാനകിയെ സ്തുതിക്കുന്നു

> “താരിണങ്കിന കാനനേ നടമാടുവോ ചില കേകിനാം
> ചമയമായ്വിരന്തൊലികൊൾ പീലികൾ വടിവു പോയു്
>     വളരിൻറിതോ?
> തീരരാനവരേവരും ചില പേയരായു് മുടിയും വണ്ണം
> തിറമുലാവിന തിമിരതഞ്ചയമവനിമീതുയരിൻറിതോ?
> താരകങ്കളമഴ്ത്തിയപ്പനുകർന്തുയർന്തു പയോതരം
> ചലിതപാതപതചിവനാകിയ തുണയുമായു് വന്തു
>     താഴ്ന്തിതോ?
> താരണിന്തു മണം പുണർന്തിടതൂർന്തു പിൻകഴൽ
>     പൂണ്ടുകാർ–
> തഴ തൊഴും കുഴലിവണ്ണമെന്നൊരു
>     നിലനിറുത്തരുതെങ്ങളാൽ.”

#### (9) തേരിൽ കേറിയ ജാനകി രാവണനെ രാക്ഷസരൂപത്തിൽ കാണുന്നു

> “മായമായതു മറൈന്തനേരം
>     വളർകാളമേകപടലങ്ങൾനേർ
> പോയിടംപെടുമടമ്പു മേരുചികരങ്കൾപോൽപ്പല ചിരങ്കളും
> തുയവെള്ളെകിറുവൻചരാവലിതൊടുത്തകൈകളു
>     മടുത്തുക–
> ണ്ടുയലാടും മനമോടു ചാനകിയുലൈന്തുലൈന്തു
>     മുറകോലിനാൾ.
> (1) ‘എൻനയനങ്ങൾകൊണ്ടുവിരൈന്തുകോരിനുകർന്തുകൊൾ
> (2) ‘വിമലനാരതമുനിവരൻ കരകമലമേന്തിന വീണയും’
> (3) ‘കരിന്തടം കണ്ണാൽക്കണ്ടു കയ്യാരത്തൊഴുതുനോക്ക’
> (4) ‘പുനൽ തിളച്ച മകരന്തമായ്വരിക
>     പൂതലത്തൊഴുകുമാറെല്ലാം’

മുതലായ വരികളിൽ എന്തൊരു അഭൗമമായ ശബ്ദാർത്ഥമാധുര്യമാണു് കരകവിഞ്ഞു കളിയാടുന്നതു്!

(1) ‘പാരിൽ വേനൽ നടുവത്തിടി പടർന്തെങ്കും തുടർന്ത കാടുപോൽ’ (2) ‘കൊൻറ ചൂടും പിരാൻതൻ കൊടുങ്കനൽ നയനംപോലെ’ (3) ‘വൻറ വാരണങ്കളോടു വളരിളച്ചിങ്കം പോർക്കുചെൻറണയിൻറപോലെ’ (4) ‘കലമതി ചൂടുമണ്ണൽ തന്നോടു മുപ്പുരമുറ്റു നീറ്റിക്കളവതിനാഴിവർണ്ണനണൈന്തഴിന്തു മൊഴിന്തപോലെ’ എന്നീ ഉപമകളും, (1) ‘തിരിക്കരുതിവണ്ണമെന്നേ തെയ്‌വം തൻ നിലകളൊന്നും’; (2) ‘വിതിയൻ നിനവിനു പിഴയെന്നും വിളയാ നിചിചരവരർകോനേ’; (3) ‘ഒരുമിത്ത മനത്തനരാനാലൊന്നിന്നും കറവില്ലെന്നേ’; (4) ‘മഴയൊടെഴുംകുൻപോളകൾപോൽ മന്നാ മനിതർകൾ വാണാളും’; എന്നീ അർത്ഥാന്തരന്യാസങ്ങളും ഹൃദ്യങ്ങളായിരിക്കുന്നു. ഫലിതത്തിനും ധാരാളം ദൃഷ്ടാന്തങ്ങളുണ്ടു്.

> “എന്നോടെതിർത്തു കൊടിയത്തിരങ്ങൾ കൈവി–
> ട്ടേതേനുമാകിലെതിർ താ, വിരഞ്ഞല്ലായ്കിൽ
> പിന്നേ തുടർന്ത പടയോടും നടകൊൾ നീ;
> പിൻകാവൽ ഞാൻ പെരിയ പോർക്കതകിനോളം”

എന്നു് അതികായൻ ലക്ഷ്മണനെ അപഹസിക്കുന്നു. ‘ചിരവു മുടമ്പുമൊക്കൊരു ചക്കിലെൾപ്പരിചാക്കി വയ്പൻ’ ‘ആനയുടേ കളിക്കെതിരായിതല്ലോ’ എന്നും മറ്റുമുള്ള വാക്യങ്ങളും ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണു്. ശ്രീരാമൻ രാവണന്റെ ശിരസ്സുകൾ അരിഞ്ഞുതള്ളുമ്പോളെല്ലാം അവ വീണ്ടും മുളയ്ക്കുന്നതു കണ്ടിട്ടു് ഇങ്ങനെ പറയുന്നു.

> “അറിവറക്കുറൈന്തു നിന്നാലവിരതം ചെയ്യപ്പെട്ട
> തിറമുറം പിഴകൾക്കോരോ ചിരങ്കളെയറുക്കവേണ്ടി
> കറവുകളോടു ഞാനെൻ കണകളാലരിയുന്തോറു–
> മറുതിപെറ്റെഴുന്തു കുടയുളവായേ വരിൻറുതെൻറാൻ.”

കവി ഒരു വലിയ വിഷ്ണുഭക്തനായിരുന്നു എന്നുള്ളതും ചില ഭാഗങ്ങളിൽനിന്നു വ്യക്തമാകുന്നു. ‘എന്മാലറുത്തരുളുമണ്ണൽ വിളയാട്ടായെയ്താൻ’ ‘എന്നുള്ളമെന്നും മലരിളകൊള്ളുമമ്മതുവൈരി’ ഈ വരികൾ നോക്കുക. ഈ വിഷയത്തിൽ എഴുത്തച്ഛനു പോലും മാർഗ്ഗദർശിയായാണു് നാം പ്രസ്തുത കവിയെ കാണുന്നതു്.

ഇങ്ങനെ ശബ്ദാഗമജ്ഞന്മാർക്കും സാഹിത്യരസികന്മാർക്കും അത്യന്തം ആകർഷകമായി അനുഭവപ്പെടുന്ന ഒരു ഉത്തമകാവ്യമാകുന്നു രാമചരിതം. ഇതിന്റെ പ്രണേതാവിനെ മലയാളത്തിന്റെ ചാസർ (Chaucer) എന്നു വ്യപദേശിച്ചാൽ അതു് ഏറ്റവും ഉപപന്നമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

---

3. ചിലമ്പു =ചില അമ്പു്.

## 4 ആട്ടപ്രകാരത്തിലേ ഒരു പഴയ പാട്ട്

രാമചരിതമാണ് ഇതുവരെ കണ്ടുകിട്ടീട്ടുള്ള ‘പാട്ടു’കളിൽ പ്രാചീനതമമെങ്കിലും അതിനു മുമ്പു രചിക്കപ്പെട്ടവയായി അപൂർവം ചില ചില്ലറ ശീലുകൾ നമുക്കു ലഭിച്ചിട്ടില്ലെന്നില്ല. താഴെക്കാണുന്ന പാട്ടു മന്ത്രാങ്കം ആട്ടപ്രകാരത്തിലുള്ളതാണ്.

> “മുന്തലേന്തിന ചൊൽവരങ്കളുമൂരുവേലയിലങ്കയും
> ഇന്തിരൻതനെ വൻറ മൈന്തനുമെണ്ണിലാത വരങ്കളും
> പന്തുപോലരൻ വേപ്പെടുത്ത പണിപ്പൂയങ്കളും മൗലിയോ-
> രൈന്തുമൈന്തുമരിന്ത വാളുമൊരമ്പിനുക്കിരയായിതേ”

ഈ പാട്ടു രാവണന്റെ മരണത്തെ വിഷയീകരിച്ച് ആടേണ്ട ഒരു ഘട്ടം മന്ത്രാങ്കത്തിലുണ്ട്. ‘നർമ്മകഥാം കുര്യാൽ’ എന്ന നിർദ്ദേശത്തോടുകൂടിയാണ് പ്രസ്തുതഗാനം ആട്ടപ്രകാരത്തിൽ ഉദ്ധരിച്ചുകാണുന്നതു്. എന്നാൽ അതിനും മുമ്പ് ഒരു കാലത്ത് അങ്ങനെയുള്ള പാട്ടുകൾ പലതും രങ്ഗത്തിൽ പ്രയോഗിച്ചിരുന്നു എന്നും അന്ന് അവയെ നർമ്മോപയുക്തങ്ങളായല്ല കരുതിയിരുന്നതെന്നും “പറയൂർ ചാക്കൈയൻ” ചെങ്കുട്ടുവന്റെ സന്നിധിയിൽ അഭിനയിച്ച ‘കൊട്ടിച്ചേതം’ താദൃശങ്ങളായ ഗാനങ്ങളെ ആസ്പദമാക്കിയായിരിക്കണമെന്നും തോന്നുന്നു. ‘മുന്തലേന്തിന’ എന്ന പാട്ടിനുമേൽ

> “ഇന്തിരനീലക്കൺകളിരുപതു കോടക്കേട്ടേൻ
> ചുന്തരവടിവിനാളെത്തുളപ്പറക്കാണമാട്ടേൻ”

എന്നും മറ്റും വേറേയും ചില പാട്ടുകളും ഉണ്ട്.

മുൻകാലത്ത് അകവൽ, വെൺപാ എന്നീ രണ്ടു വൃത്തങ്ങളേ ചെന്തമിഴിൽ ഉണ്ടായിരുന്നുള്ളൂ. ‘ഇന്തിരനീലക്കൺകൾ’ എന്ന പാട്ടിൽ കാണുന്ന വൃത്തത്തിന്റെ ഉപജ്ഞാതാവു ക്രി. പി. ഒൻപതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ചിന്താമണികാരനായ തിരുത്തക്കത്തേവരാണെന്നുള്ളതു സുപ്രസിദ്ധമാകയാൽ ഞാൻ മുമ്പുദ്ധരിച്ച ‘മുന്തലേന്തിന’ എന്ന പാട്ടു ക്രി. പി. പത്താംശതകത്തിന്—അതായതു കുലശേഖരവർമ്മാവിന്റെ കാലത്ത്—നിർമ്മിച്ചതായി കണക്കാക്കുവാനേ തരമുള്ളൂ.

## 5 പഴയ ഭാഷാഗദ്യം

പഴയ കാലങ്ങളിലെ ചില ശിലാരേഖകളിലും ചെപ്പേടുകളിലുംനിന്ന് അന്നത്തെ ഭാഷാഗദ്യരീതി എന്തെന്നു നമുക്കു ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. സുറിയാനിക്രിസ്ത്യാനികളുടെ കൈവശം മൂന്നു ചെപ്പേടുകളും ജൂതന്മാരുടെ കൈവശം ഒരു ചെപ്പേടും ഉണ്ട്. അവയിൽ ക്രിസ്ത്യാനികളുടെ ശാസനങ്ങളിൽ ആദ്യത്തേതു രണ്ടും സ്ഥാണുരവിപ്പെരുമാളും മൂന്നാമത്തേതു വീരരാഘവചക്രവർത്തിയും നല്കിയതാണ്. ഈ പട്ടയങ്ങൾ ഉത്ഭവിച്ചതു യഥാക്രമം ക്രി. പി. 885-ാമാണ്ടും 1320-ാമാണ്ടുമാകുന്നു. ജൂതന്മാർക്കു ശാസനം ദാനം ചെയ്തതു ഭാസ്കരരവിവർമ്മപ്പെരുമാളാണ്. സ്ഥാണുരവി ക്രി. പി. 870 മുതൽ 900 വരേയും ഭാസ്കരരവി 978 മുതൽ 1036 വരേയും കേരളം രക്ഷിച്ചതായിക്കാണുന്നു. ഈ പട്ടയങ്ങളിലെ ഭാഷ തനിത്തമിഴാണ്. സ്ഥാണുരവിയുടെ ശാസനത്തിൽനിന്നാണ് താഴെച്ചേർക്കുന്ന ഭാഗം ഉദ്ധരിക്കുന്നത്. “കോത്താണുരവിക്കുത്തൻ പലനൂറായിരത്താണ്ടും മറുകുതലൈച്ചിറന്തടിപ്പട്ടുത്താളാ നിൻറയാണ്ടുൾച്ചെല്ലാനിൻറയാണ്ടെഞ്ചു, ഇവ്വാണ്ടു വേണാട്ടുവാഴ്കിൻറ അയ്യനടികടിരുവടിയുമ്മതികാരരും പിരകൃതിയും (പ)ണി(ക...യും) മഞ്ചുവണ്ണമും പുന്നൈത്തലൈപ്പതിയുമ്മുടു വൈത്തുക്കുരക്കേണിക്കൊല്ലത്തു എശോദാതപിരായി ചെയ്‌വിത്ത തരുസാപ്പള്ളിക്കു ഐയനടികടിരുവടി കുടുത്ത വിടുപേറാവിതു” ഈ ശാസനഭാഷയിൽ നിന്ന് അക്കാലത്തെ മലയാളത്തിന്റെ സ്വരൂപം നിർണ്ണയിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. മറ്റു പട്ടയങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. എന്നാൽ വേറേ ചില രേഖകളിലെ തമിഴിൽ മലയാളത്തിന്റെ സംക്രമം സ്പഷ്ടമായി കാണ്മാനുണ്ട്. ശ്രീവല്ലഭൻകോത എന്ന വേണാട്ടുരാജാവിന്റെ മാമ്പള്ളിത്താമ്രശാസനത്തിൽ ‘ഇടം’ എന്നതിനു ‘എട’മെന്നും ‘വൈത്തു’ എന്നതിനു ‘വൈച്ചു’ എന്നും ‘കടവൻ’ എന്നതിനു ‘കടവിയൻ’ എന്നും ‘പടുവതു’ എന്നതിനു ‘പടുവിതു’ എന്നും ‘അവനുക്കു’ എന്നതിനും ‘വേണാട്ടിർക്കു’ എന്നതിനും ‘അവൻകു’ എന്നും ‘വേണാട്ടിൻകു’ എന്നും പ്രയോഗിച്ചിരിക്കുന്നു. ശാസനത്തിന്റെ കാലം കൊല്ലം 149-ാമാണ്ടാണ്. ഉദയമാർത്താണ്ഡവർമ്മാ എന്ന വേണാട്ടുരാജാവിന്റെ കൊല്ലൂർമഠം താമ്രശാസനത്തിൽ എഴുന്നരുളി, തന്ന, അവരടിയ, പിടിച്ചു, അളന്നു, തിങ്ങൾ, ചെലവിന്നു, പിറന്ന, കങ്ങണി, കുളങ്ങരൈ, വിഴാവിന്നു, അവന്നൊള്ള, കെട്ടിൻറവന്നു, എണ്ണ, മട മുതലായ പദങ്ങൾ കാണുന്നു; അനുനാസികങ്ങൾ ഈ ശാസനത്തിൽ ധാരാളമായി പകർത്തീട്ടുണ്ട്. ‘പങ്ങുനി’ എന്നുപോലും ‘പൈങ്കുനി’ക്കു ലേഖകൻ രൂപഭേദം വരുത്തീട്ടുണ്ട്. ഈ ശാസനം കൊല്ലം 364-ാമാണ്ടത്തേതാണ്. ദക്ഷിണകേരളത്തിലെ ശാസനങ്ങളാകകൊണ്ടാണ് ഇവയിൽ ഇത്രമാത്രം തമിഴ് കടന്നുകൂടിട്ടുള്ളതെന്നു വാദിക്കുന്നവർ ഭാസ്കരരവിയുടെ തിരുനെല്ലിശിലാരേഖകളും തിരുവിതാങ്കൂർ പുരാണസംരക്ഷണവകുപ്പിൽനിന്നും മറ്റും പ്രസിദ്ധപ്പെടുത്തീട്ടുള്ള കൊച്ചിയിലേ ചേന്നമങ്ഗലം തിരുവഞ്ചിക്കുളം മുതലായ സ്ഥലങ്ങളിലേ ശിലാലിഖിതങ്ങളും പരിശോധിച്ചു തങ്ങളുടെ അഭിപ്രായം മാറ്റേണ്ടതാണ്. വേണാട്ടിലെ വീര ഉദയമാർത്താണ്ഡവർമ്മാവിന്റെ കൊല്ലം 426-ലെ ആറ്റൂർ താമ്രശാസനമാണ് ഈ ഇനത്തിൽ തനിമലയാളത്തിലുള്ള ആദ്യത്തെ രേഖയെന്നു ഞാൻ വിശ്വസിക്കുന്നു. അതിന്റെ മാതൃക കാണിക്കുവാൻ ഒരു ഭാഗം താഴെച്ചേർക്കാം.

> “അരുളിച്ചെയ്ത ശകാബ്ദം ആയിരത്തു ഒരുനൂറ്റെഴുപത്തു മൂന്നിൻമേൽ ചെല്ലാനിൻറകൊല്ലം നാനൂറ്റിരുപത്താറാമതു മേടഞായറു പത്തൊൻപതുചെന്ന വ്യാഴാഴ്ചയും മൂലവും അപരപക്ഷത്തു പഞ്ചമിയും ശിവാനിത്യയോഗവും വരാഹകരണവും പെറ്റയിന്നാൾ വേണാടു വാണ്ണരുളുന്ന (കീ) ഴ(വ്വേ) പ്പേരൂർ ശ്രീവീര ഇരവി ഉദയമാർത്താണ്ഡവർമ്മ ശിറവാ മൂത്തവരായ നാം മലമണ്ഡലത്തു കണ്ണന്നൂർദേശത്തു പൂവംവിളാകത്തു കോവിക്കൽയിരിക്കും കാണിയാളർകുലത്തിൽ ശൈവാശാരമായ കാര്യത്തുറൈ തമ്പി ഇരവി കേരളവിക്രമ ഉടയാർക്കനയിനാർ മുത്തളക്കുറിച്ചിയാന ശ്രീവി(വീ) രകേരളപുരത്തു മഹാദേവർ കോവിലിൽ മേൽകോയിമ്മ ഊരാണ്മസ്ഥാനം കൊടുക്കയിൽ”

ഇതിൽനിന്നു ക്രി. പി. പതിമ്മൂന്നാംശതകത്തിൽ മലയാളം എത്രമാത്രം പരിപുഷ്ടിയെ പ്രാപിച്ചുകഴിഞ്ഞിരുന്നു എന്നും അങ്ങനെയാണെങ്കിലും ഭാഷാകവികളും മറ്റും അന്നും വ്യാവഹാരികഭാഷയിൽനിന്ന് എത്രദൂരം അകന്ന ഒരു ശൈലിയിൽ തങ്ങളുടെ കൃതികൾ നിർമ്മിച്ചുവന്നു എന്നും സ്പഷ്ടമാകുന്നതാണ്.

## 6 കൗടലീയം ഭാഷാഗദ്യം

ക്രി. പി. പതിന്നാലാം ശതകത്തിനുമുമ്പ പദ്യത്തിൽ രാമചരിതംപോലെ ഗദ്യത്തിലും മഹനീയമായ ഒരു നിധി ഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്. അത് ഇന്നു ലോകത്തിന്റെ പരമാദരത്തെ സർവഥാ ആർജ്ജിച്ചിരിക്കുന്ന കൗടലീയാർത്ഥശാസ്ത്രത്തിന്റെ തർജ്ജമയാണ്. അർത്ഥശാസ്ത്രത്തിന്റെ പ്രണേതാവു മൗര്യവംശം സ്ഥാപിച്ച ക്രി. മു. 321 മുതൽ 298 വരെ രാജ്യഭാരം ചെയ്ത ചന്ദ്രഗുപ്തനെ ആര്യാവർത്ത ചക്രവർത്തി ആക്കി അദ്ദേഹത്തിന്റെ അമാത്യപദം അലങ്കരിച്ച മഹാനുഭാവനും കൗടല്യൻ എന്നും ചാണക്യൻ എന്നും മറ്റുമുള്ള അഭിധാനാന്തരങ്ങളാൽ സുവിദിതനുമായ വിഷ്ണുഗുപ്തനെന്നാകുന്നു ഭാരതീയരുടെയിടയിൽ പണ്ടുപണ്ടേയുള്ള ഐതിഹ്യം. അദ്ദേഹത്തിനു ദ്രാമിളനെന്നും ഒരു പേരുണ്ട്. കൗടല്യൻ കാഞ്ചീപുരത്തു ജനിച്ചുവളർന്ന പൂർവശിഖനായ ഒരു ദ്രാവിഡബ്രാഹ്മണനായിരുന്നു എന്നും അദ്ദേഹം ഉപജീവനമന്വേഷിച്ചാണ് നന്ദരാജധാനിയായ പാടലീപുത്രത്തെ പ്രാപിച്ചതെന്നും ചിലർ പറയുന്നു. ദ്രമിളദേശീയനാകയാലാണ് അദ്ദേഹത്തിനു ദ്രാമിളനെന്നു പേർ സിദ്ധിച്ചത്. ‘കുടലൻ’ എന്ന ഋഷിയുടെ ഗോത്രത്തിൽ ജനിക്കുകയാൽ കൗടല്യൻ എന്നും പേർ വന്നു. അർത്ഥശാസ്ത്രസമുദ്രത്തിൽനിന്ന് ആ മഹാമേധാവി നീതിശാസ്ത്രമാകുന്ന അമൃതത്തെ ഉദ്ധരിച്ചു എന്നു ക്രി. പി. നാലാംശതകത്തിൽ ജീവിച്ചിരുന്ന കാമന്ദകൻ അദ്ദേഹത്തിന്റെ നീതിസാരത്തിൽ പ്രസ്താവിക്കുന്നു. അർത്ഥശാസ്ത്രത്തിൽ അനേകം പൂർവസൂരികളുടെ (ഇന്ദ്രൻ, ബൃഹസ്പതി, ശുക്രൻ, നാരദൻ, പരാശരൻ, ഭീഷ്മർ, ദ്രോണർ, വിദുരർ തുടങ്ങിയവരുടെ) മതങ്ങളെ ഭാഷ്യകാരന്മാർ പ്രപഞ്ചനം ചെയ്തപ്പോൾ പല പരസ്പരവൈപരീത്യങ്ങളും അവരുടെ കൃതികളിൽ കടന്നുകൂടി എന്നും അതു കണ്ട് എല്ലാവർക്കും മനസ്സിലാകത്തക്കവിധത്തിൽ വലിയ വിസ്തരമൊന്നുംകൂടാതെ താൻ സൂത്രവും ഭാഷ്യവുമടങ്ങിയ ഒരു പുതിയ ഗ്രന്ഥം നിർമ്മിച്ചു എന്നും കൗടല്യൻതന്നെ വ്യക്തമായി ഗ്രന്ഥാന്തത്തിൽ ഉദീരണം ചെയ്തിട്ടുണ്ട്. കൗടലീയം ഒരു ഗ്രന്ഥമല്ല; പ്രാചീനഭാരതത്തിലെ ഒരു ഗ്രന്ഥസമൂഹമാണ് എന്നാകുന്നു പ്രസ്തുതനിബന്ധത്തെപ്പറ്റി അഭിജ്ഞന്മാരുടെ അഭിപ്രായം. അതിനു ഭട്ടസ്വാമിയുടെ പ്രതിപദപഞ്ചിക, മാധവയജ്വാവിന്റെ നയചന്ദ്രിക, ഭിക്ഷുപ്രഭമതിയുടെ ജയമങ്ഗള എന്നിങ്ങനെ മൂന്നു പ്രാചീനസംസ്കൃതവ്യാഖ്യാനങ്ങൾ കണ്ടുകിട്ടീട്ടുണ്ട്. എന്നാൽ ഒരു ഭാഷാവ്യാഖ്യാനം എന്നു പറവാൻ ആകെക്കൂടി കേരളത്തിലെ കൗടലീയം മാത്രമേ ആവിർഭവിച്ചിട്ടുള്ളു എന്നുള്ളതു നമുക്ക് അത്യന്തം അഭിമാനോൽപാദകമാകുന്നു. മലയാളത്തിലെ സാഹിത്യം നിസ്സാരമാണെന്നു വാദിക്കുവാൻ തുടങ്ങുന്നവരോട് അർത്ഥശാസ്ത്രത്തിന് ഒരു പഴയ തർജ്ജമ ഭാരതത്തിലെ മറ്റേതു ഭാഷയിലുണ്ടെന്നു നമുക്കു ന്യായമായി ചോദിക്കാവുന്നതാണ്. അർത്ഥശാസ്ത്രത്തിൽ പതിനഞ്ച് അധികരണങ്ങളുണ്ട്; അവയിൽ ആദ്യത്തെ ഏഴധികരണങ്ങൾക്കു മാത്രമേ പ്രസ്തുത ഭാഷാവ്യാഖ്യാനം ലഭിച്ചിട്ടുള്ളു. ബാക്കിയുള്ള അധികരണങ്ങളും അദ്ദേഹം വ്യാഖ്യാനിച്ചിരിക്കുമെന്ന് ഊഹിക്കുവാൻ ന്യായമുണ്ട്. അവയിൽ ഒന്നും രണ്ടും അധികരണങ്ങൾ തിരുവിതാംകൂർ ഗവർമ്മെന്റിൽ നിന്നു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. യശശ്ശരീരനായ ഡോക്ടർ ഗണപതിശാസ്ത്രികൾ അർത്ഥശാസ്ത്രത്തിനു ശ്രീമൂലം എന്നൊരു വിശദമായ വ്യാഖ്യാനം രചിച്ചിട്ടുണ്ടല്ലോ. ആ വ്യാഖ്യാനമെഴുതാൻ അദ്ദേഹത്തിനു പ്രധാനാവലംബമായിരുന്നത് ഈ ഭാഷാനുവാദരൂപമായ മഹാഗ്രന്ഥമാണ്.

### ഗ്രന്ഥത്തിന്റെസ്വരൂപം

ഭാഷാകൗടലീയത്തിന്റെ പ്രണേതാവ് ആരെന്നറിയുവാൻ ഒരു മാർഗ്ഗവും കാണുന്നില്ല. ഭാഷയുടെ പഴക്കംകൊണ്ടു ചേരരാജാക്കന്മാർക്കു പ്രാബല്യമുണ്ടായിരുന്ന ക്രി. പി. ഒൻപതാംശതകത്തിലോ പത്താംശതകത്തിലോ ആയിരുന്നു അതിന്റെ നിർമ്മിതി എന്ന് അനുമാനിക്കാം. അവരിൽ ഏതോ ഒരു രാജാവിന്റെ ആജ്ഞ അനുസരിച്ചായിരിക്കണം പ്രസ്തുത ഗ്രന്ഥത്തിന്റെ രചന എന്നും വരാവുന്നതാണ്. “സ്വധർമ്മാദ്ദായാദ്യാദ്വോപരുദ്ധഃ” എന്ന മൂലത്തിലെ പങ്ക്തി അദ്ദേഹം “സ്വധർമ്മമാവിതു ദാക്ഷിണാത്യർക്കു മാതുലകന്യാവിവാഹാദികൾ; ദായാദമാവിതു ദാക്ഷിണാത്യർക്കേ തമ്മാമൻ ധനം മരുമക്കൾ കൊള്ളുമതു; അങ്ങനെയൊള്ള ധർമ്മത്തിലും ചെറുക്കപ്പെട്ടവൻ” എന്നു വ്യാഖ്യാനിക്കുന്നു. എന്നാൽ ഭിക്ഷുപ്രഭമതിയുടെ ജയമങ്ഗലയിൽ പൈതൃകസ്വത്തെന്നാണ് അർത്ഥം പറഞ്ഞുകാണുന്നത്. അതുകൊണ്ടു ‘തമ്മാമൻ ധനം മരുമക്കൾ കൊള്ളുമതു’ ദേശാചാരമായ കേരളത്തിൽ ജീവിച്ചിരുന്ന ഏതോ ഒരു പണ്ഡിതനാണ് ഭാഷാ കൗടലീയം നിർമ്മിച്ചത് എന്നു സിദ്ധിക്കുന്നു. അദ്ദേഹം രാജനീതിയിലും അർത്ഥശാസ്ത്രത്തിലും അത്യന്തം നിഷ്ണാതനായ വിദ്വച്ഛിരോമണിയായിരുന്നു. ഭാഷയുടെ സ്വഭാവം കാണിക്കുവാൻ രണ്ടു ഭാഗങ്ങൾ ഉദ്ധരിക്കാം:

1. “സൂദാരാലികസ്നാപകസംവാഹകാസ്തരകകല്പകപ്രസാധകോദകപരിചാരകർ എൻറിവരൾ രസദർ. സൂദനാവോൻ മടയൻ, ആരാളികനാവോൻ അടയുമപ്പവുമിടുമവൻ, സ്നാപകനാവോൻ കുളിപ്പിക്കുമവൻ, സംവാഹകനാവോൻ മെയ്യട്ടി, ആസ്തരകനാവോൻ ശയനം വിരിക്കുമവൻ, കല്പകനാവോൻ കാവിതി, പ്രസാധകനാവോൻ ഒപ്പിക്കുമവൻ, ഉദകപരിചാരകനാവോൻ തണ്ണീർവൈക്കുമവൻ; ഇജ്ജാതികളെക്കൊണ്ടു വിഷം കൊടുക്കുമാറു കല്പിച്ചിതു ഇവരളൈക്കൊണ്ടു കല്പിക്കിൻറതു ഇവരൾക്കു സൗകര്യമൊണ്ടകപ്പട്ടു. ആഭ്യന്തരം ചാരമറിവാനായ്ക്കൊണ്ടു കുബ്ജവാമനകിരാതമൂകബധിരാന്ധച്ഛത്മാക്കളായും നടനർത്തകഗായനവാദനവാഗ്ജീവനകുശീലന്മാരായും സ്ത്രീകളുമാഭ്യന്തരചാരമറിവിതു. കുബ്ജനാവോൻ കൂനൻ, വാമനൻ, കുറളൻ, കിരാതരാവോർ ചിന്തുക്കൾ, മൂകനാവോൻ ഊമൻ, ബധിരരാവോർ ചെകുടർ, ജളരാവോർ കുതലൈച്ചുപ്പറയുമവരൾതാൻ വിക്കിപ്പറയുമവരൾതാൻ വ്യവഹാരമറിയാതവരൾതാൻ, അന്ധരാവോർ കുരുടർ; എന്റിജ്ജാതിച്ഛലത്താൽ നിൻറു ആഭ്യന്തരചാരമറിവിതു.”
2. “ഇനി അധ്യക്ഷർ കാൺപാൻ വരും കാലമാവിതു, ആടിത്തിങ്കൾ വരുവിതു. അന്റു വന്നു കണക്കു കാട്ടുവിതും ചെയ്തു വ്യയംചെയ്തു മിഞ്ചിയ ധനം വൈപ്പിപ്പിതും ചെയ്‌വിതു. മുതലും (ചെ) ലവുമെഴുതിയ കണക്കുപെട്ടിയിലിട്ടു ഇലൈച്ചിച്ചുകൊണ്ടു വരുവിതു. അവരളൈ കണക്കു കാട്ടുമിടത്തു നിൻറു പുറത്തുപോകാതവാറു കാപ്പിതു. തങ്കളിൽ കൂടി മന്ത്രിയാതവാറു കാപ്പിതു. ആയമും വ്യയമും നീവിയും അതാവിതു ചെലവു നീക്കി (നി) ൻറതു, അതെല്ലാമും കേട്ടു എഴുതി വൈപ്പിതു. എൻറിങ്ങനെ എഴുതിയാൽ മുതലെഴുതുമോലൈയിലും ചെലവുനീക്കിനിൻറതു എഴുതുമോലൈയിലും വായിച്ചു ഇവരൾ ചൊന്നതിലേറ്റമുണ്ടാകിൽ അതിന്നു എണ്മടങ്കു വൈപ്പിച്ചു കൊൾവിതു. വ്യയത്തിൽ ചുരുങ്കി വരികിലുമെൺമടങ്കു വൈപ്പിച്ചുകൊൾവിതു. ‘വിപര്യയേ’ എൻറവാറുകൊണ്ടു മുതലിൽ മുതലടയിൽ പെരുക എഴുതുവിതു; ചെലുത്തിയതിനിൽ ചുരുങ്ക എഴുതുവിതു; നീക്കിനിലയിൽ പെരുക എഴുതിവൈക്കിൽ അതു പരമാർത്ഥമറിഞ്ഞു അവന്നുകൊടുപ്പിതു. മറ്റു അവനു ഒരു ദണ്ഡവുമില്ലൈ.”

മടയൻ എന്ന പദത്തിനു മലയാളത്തിൽ ഇക്കാലത്തു അർത്ഥഭേദം വന്നിട്ടുണ്ടെങ്കിലും ചോറ്റു ‘മട’യിലും മടപ്പള്ളിയിലും കാണുന്ന ‘മട’ പഴയകാലത്തേ അരിവയ്പ് എന്ന അർത്ഥത്തെത്തന്നെ പ്രകാശിപ്പിക്കുന്നു. കാവിതി എന്നാൽ ക്ഷുരകൻ. ഒപ്പിക്കുക എന്നാൽ അലങ്കരിക്കുക. ലൈച്ചിക്കുക എന്നാൽ ലക്ഷിക്കുക; ഒപ്പുവയ്ക്കുക. അവരൾ എന്നതു ‘അവർകൾ’ എന്ന പദത്തിന്റെ ഒരു സങ്കുചിതരൂപമാകുന്നു. ഇതു പഴയ ശിലാരേഖകളിലും ധാരാളമായി കാണുന്നുണ്ട്. കൊല്ലം 364-ലെ കൊല്ലൂർ മഠം ശാസനത്തിൽ ‘വാരിയമുടൈയവരൾ’ എന്നും, 371-ലെ വെള്ളായണി ശിലാലിഖിതത്തിൽ ‘പണിചെയ്യിൻറവരളും കാരിയം ചെയ്യിൻറവരളും’ എന്നും രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. (1) സാധിപ്പാനരുത്, (2) ഇളങ്കോപ്പട്ടമുടയവൻ, (3) അറുത്തുട്ടി വാതിൽ, (4) അരൈക്കാതം, കൂവീടു, (5) കുടിയടിയാർ, (6) വലിയപ്പിടിച്ചാൽ, (7) കൈച്ചിറവിടുവിച്ചുകൊള്ളുക, (8) ചൊല്ലിക്കൊതി കൊളുത്തുമാറ്, (9) എഴുത്തും കണക്കും പയിറ്റുവിതു, (10) എഴുത്തുമെണ്ണും (കണക്കും), (11) ചത്തുമുടിഞ്ചാൽ, (12) ശാസ്ത്രം വല്ലിപ്രയോഗം വല്ലാത്തവൻ, (13) നിനിടെ (നിന്നുടെ) പക്ഷം, (14) എതിരെഴുക (എഴുനേൽക്കുക), (15) ചോറും പുടവയും (വസ്ത്രം, ‘ഓണപ്പുടവ’ നോക്കുക), (16) അരിചിയും ജീവിതവും (പിൽക്കാലത്തെ അരിതവശം), (17) ഇറയും (കരവും) പിഴയുംകൊണ്ടുപീഡിക്കുക, (18) ഭാഷ (സമീചീനത) യില്ലൈ, (19) ചിവികൈ (ശിബിക), (20) ദൂതകൾ അവരൾ പുലയരാകിലും കൊല്ലലാകാ, (21) തളയിലിടുക (ബന്ധനസ്ഥനാക്കുക), (22) കെടുചുടുചെയ്യാതൊഴിവിതു, (23) പടയും പണ്ടാരമും തേടിക്കൊണ്ടു, (24) പല ഇടകട്ടും (ഇടക്കെട്ടും), (25) ചാർന്ന ജനം, (26) പെരുമടയൻ (മഹാനസാദ്ധ്യക്ഷൻ) മുതലായി എത്രയെത്ര പഴയ പദങ്ങളും ശൈലികളുമാണ് നമുക്ക് ഈ ഗ്രന്ഥത്തിൽനിന്നു പഠിക്കാവുന്നത് എന്നുള്ളതിനു കൈയും കണക്കുമില്ല. വാസ്തവത്തിൽ ഭാഷാചരിത്രപിപഠിഷുകൾക്ക് ഒരു അനർഘമായ വജ്രഖനിതന്നെയാകുന്നു ഭാഷാ കൗടലീയം.

## 7 ആട്ടപ്രകാരവും ക്രമദീപികയും – മന്ത്രാങ്കം

തോലൻ നിർമ്മിച്ചതെന്നു പുരാവിത്തുകൾ പറയുന്ന
ആട്ടപ്രകാരം, ക്രമദീപിക എന്നീ രണ്ടിനത്തിൽപ്പെട്ട
ഗ്രന്ഥങ്ങളെപ്പറ്റി ഒൻപതാമധ്യായത്തിൽ സൂചിപ്പിച്ചിട്ടു
ണ്ടല്ലോ. ഈ ശാഖയിൽ ഇന്നു നാം കാണുന്ന ഗ്രന്ഥ
ങ്ങളെല്ലാം ഒരാളുടേയോ ഒരേകാലത്തേയോ കൃതികളാ
ണെന്ന് എനിയ്ക്കുഭിപ്രായമില്ലെന്നു പ്രസ്താവിച്ചുകഴിഞ്ഞു.
ഇവയിൽ പല ആവാപോദ്വാപങ്ങളും പല അവസര
ങ്ങളിലായി കടന്നുകൂടീട്ടുണ്ടെന്നു മാത്രമല്ല, ചില കൃതി
കൾ ആദ്യന്തം പിൽകാലത്തു രചിയ്ക്കപ്പെട്ടവയാണെന്നു
ഖണ്ഡിച്ചുതന്നെ പറയുകയും ചെയ്യാം. ഇന്നു ചാക്യാ
ന്മാർ ഉപയോഗിക്കുന്ന സുഭദ്രാധനഞ്ജയം ആട്ടപ്രകാ
രത്തിനു മന്ത്രാങ്കം ആട്ടപ്രകാരത്തോളം പഴക്കമില്ല
എന്നുള്ളത് ഇതിനൊരുദാഹരണമായി സ്വീകരിക്കാവു
ന്നതാണ്. കൊല്ലം 11-ാം ശതകത്തിന്റെ ആരംഭത്തിൽ
ജീവിച്ചിരുന്ന കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാന്റെ
സുപ്രസിദ്ധമായ

> “അമ്പത്താറൂഴിഭാഗാന്തരമതിൽ മരുവീ–
> ടുന്ന ഭൂപാലമീശ–
> ക്കൊമ്പന്മാരുണ്ടനേകം ശിവശിവ ധരണീ–
> ഭാരമാത്രം നിനച്ചാൽ”

ഇത്യാദി ശ്ലോകം രാജസേവാഘട്ടത്തിൽ ചാക്യാന്മാർ
ക്കു പ്രയോഗിക്കാവുന്നതാണെന്നു ഞാൻ ഒരാട്ടപ്രകാര
ത്തിൽ വായിച്ചിട്ടുള്ളതായി മുമ്പു പറഞ്ഞുവല്ലോ. പ്രസ്തു
തകൃതികളിൽ ചടങ്ങുകളും ചൂർണ്ണികകളുടെ അർത്ഥവും
ഭാഷാഗദ്യത്തിലും പദ്യങ്ങളുടെ അർത്ഥപ്രപഞ്ചനവും വി
ദൂഷകന്റെ പ്രതിശ്ലോകങ്ങളും മണിപ്രവാളത്തിലുമാണ്
രചിക്കപ്പെട്ടിട്ടുള്ളത്. ഒരേ നാടകത്തിനു തന്നെ ഒന്നില
ധികം ആട്ടപ്രകാരങ്ങളും –ഒന്നു സങ്കചിതവും മറ്റൊന്നു
വിവൃതവുമായി – കാണ്മാനുണ്ട്. മന്ത്രാങ്കത്തിനും മറ്റും
സംസ്കൃതത്തിലും ആട്ടപ്രകാരമുണ്ട്. താഴെ ഉദ്ധരിക്കുന്ന
തു സംസ്കൃതത്തിലുള്ള മന്ത്രാങ്കം ആട്ടപ്രകാരത്തിൽനി
ന്നാണ്. അതിനു ക്രിയാക്രമമെന്നാണ് സംസ്കൃതത്തി
ലെ പേർ എന്ന് ആരംഭത്തിലുള്ള

> ‘മന്ത്രാങ്കാഭിത നാട്യസ്യ പ്രയോഗാർത്ഥം മയാധുനാ
> സർവതസ്സാരമാദായ ക്രിയതേ/ത്ര സമുച്ചയഃ
> തസ്യ ക്രിയാക്രമം വക്ഷ്യേ ഭാഷയാ പ്രഥമം മിതം
> തമൃതേന പ്രയോഗോ ഹി നാട്യശാസ്ത്രേഷു ദൃശ്യതേ”

എന്ന പദ്യങ്ങളിൽനിന്നു വെളിപ്പെടുന്നു. ‘ഭാഷയാ’
എന്നു പറയുന്നുണ്ടെങ്കിലും സംസ്കൃതത്തിലാണ് നിർദ്ദേ
ശങ്ങൾ കാണുന്നത്. “തതോഡിണ്ഡികവേഷോ വസ
ന്തകഃ യവനികായാം ചാര്യാമാഗത്യ, പുനഃ കള കളവാ
ദ്യമാദായ വിരമേൽ. പുനസ്തട്ട്; പുനർന്നിർഗ്ഗീതാ; പുന
രപി ചാരീ; പുനഃ പരിക്രമമാദായ വിരമേൽ: പടാക്ഷേ
പം കൃത്വാ വാമഹസ്തേന യഷ്ടിം ഗൃഹീത്വാ തസ്യോപരി
ദക്ഷിണപാദംന്യസ്യ വദനവിരൂപതാം കൃത്വാ, സ്വവേ
ഷാനുരൂപം ഭാവയേൽ. പുനശ്ചതസ്രോ മുഖവർണ്ണനാഃ
കാര്യാഃ; പുനർഭാവയിത്വാ ഗ്രന്ഥാർത്ഥം ഭാഷയാബ്രൂ
യാൽ; തതഃ ഭോഃ ഇത്യുക്ത്വാ ചാരീമാദായ വിരമേൽ;
തതോ ഗ്രന്ഥാർത്ഥമഭിനീയ പുനസ്തട്ട്.” അതേ നാടക
ത്തിനു ഭാഷയിൽ രചിച്ചിട്ടുള്ള ആട്ടപ്രകാരത്തിൽനിന്ന്
ഒരു ഭാഗമാണ് അടിയിൽ ചേർത്തിരിക്കുന്നത്. “പി
ന്നെ ഉന്മത്തകൻ കങ്കപത്രംകൊണ്ടു പുറപ്പെട്ടു ജാതി
കൊണ്ടു കുത്തിരഞ്ജിച്ചു കളകളവാക്യംകൊണ്ടു മുടിച്ചു
തട്ടുകൊണ്ടു ജാതിയും നിർഗ്ഗീതയും ചാരിയുംകൊണ്ടു
പരിക്രമത്തിൽ മുടിപ്പൂ. പിന്നെ കളിയം. വച്ചു തിരിഞ്ഞു
നൂപുരത്തിലിരുന്നു സ്ഫടികമണി ചൊല്ലിച്ചു യവനിക നീ
ക്കി പ്രാവേശികം കാട്ടി എഴുനിൻറു വട്ടത്തിൽ നടന്നു
കുത്തിരഞ്ജിച്ചു കളകളവാക്യംകൊണ്ടു മുടിപ്പൂ. പിന്നെ
മറ്റു മൂൻറു പുറത്തും സ്ഫടികമണി ചൊല്ലിച്ചു ആടിക്കൊള്ളു
വൂ. മോദത്വാ മോദത്വാ എന്നു ചൊല്ലി ഹഹഹ എൻറും
വേളാധൂളിയിൽചൊല്വൂ. മോദകംകൊണ്ടു മുമ്പിൽ തേ
വരെവച്ചു തേവാരിച്ചു നിലത്തിരുന്ന്, ഇന്ദളം ചൊല്ലി[4]
അഭ്യന്തരം ആടിക്കൊള്ളൂ. പിന്നെയന്യോന്യമേത്തമി
ട്ടു് ഉന്മത്തകൻ ചാരികൂടി ആടിമുടിച്ചു പ്രാവേശികം കാ
ട്ടി പിൻനോക്കി വാങ്ങി കുത്തുംമുടിപ്പൂ. പിന്നെ രണ്ടാം
ദിവസം കൊട്ടിത്തുടങ്ങിയാൽ ജാതിയിൽ വന്നു മൂൻറു
ടെ പ്രാവേശികം കാട്ടി “കിംമോദത്വാ കഹിമ്മോദത്വാ”
എന്നു ചൊല്ലിപിന്നെയും തട്ടും നിർഗ്ഗീതയും ചാരിയുമാ
ടിമുടിച്ചു പ്രാവേശികം കാട്ടി പിൻനോക്കിപ്പോന്നു മുടിപ്പൂ.
പിന്നെ മൂൻറാം ദിവസം ജാതിയിൽവന്നു പ്രാവേശികം
മൂൻറുടെകാട്ടി ഗ്രന്ഥം ചൊല്വൂ.”

---

4. “സ്ഫടികമണിധവളഹിമപടലകുമുദവനസദൃശോ വപുഷാ
ഉദയഗിരിശിഖര ഏഷ ഉദയതി പൂർണ്ണോ രജനികരഃ.”

## 8 മത്തവിലാസം

മത്തവിലാസം ആട്ടപ്രകാരത്തിൽ നിന്നു ചില പങ്ക്തികൾ ഉദ്ധരിക്കാം.

> “സൂത്രധാരൻ ഏഴുനാളാട്ടം മത്തവിലാസത്തിൽ സൂത്രധാരനെക്കണക്കെ അണിവും പ്രസ്ഥാനവുമെല്ലാം ഉത്തരീയമും വേണം, പരിണതിയും വേണം. ഇന്ദളം സ്വരം, ‘മണിഘൃഷ്ട’ എൻറു ചൊല്ലി ക്രിയ തുടങ്ങൂ. ‘തത്ര പ്രഹേതീ ഹേതീ ച’ എൻറു തുടങ്ങി “പീഡയാമാസ ലീലയാ” എൻറിത്ത്രേടം ശ്ലോകം പാട്ടു. ‘രാവണേ’ ത്യാദി ചൊല്ലി അടുക്കുംവണ്ണമഴകുതായാടിക്കൊള്ളൂ. എല്ലാ ശ്ലോകവും കഴിഞ്ഞാൽ എഴുനിൻറു ശേഷം ഗ്രന്ഥം ചൊല്ലി വിദൂഷകന്ന് എൻറു ചൊല്ലിത്തമിഴാകമുടിപ്പൂ. വിദൂഷകന്റെ ഗ്രന്ഥം തലയിൽ പുടവയിട്ടു ചൊല്ലൂ...അടുക്കും വണ്ണമറിഞ്ഞുകൊള്ളൂ എല്ലാം. ഈരണ്ടു കട്ടിയാവും ഈരണ്ടു ചുവന്ന പുടവയും ദണ്ഡുമിതെല്ലാം കൂട്ടിക്കൊള്ളൂ. പൊയ്ത്തകക്കാൽ നീട്ടുകിലുമാം നീട്ടാകിലുമാം കുറി ഇങ്ങനെ. ഗംഭീരതയും പ്രസന്നതയും എല്ലാപ്പോഴും വേണം. ഇന്ദളം സ്വരം. പിന്നെ അവസ്ഥാനരൂപം. ദണ്ഡൊരിക്കലും വിടൊല്ല. മിക്കപ്പോഴുമിരിക്കുംപോഴും മടിയിലിരുന്നാൽ മതി ദണ്ഡ്. മറയിൽ ലളിതമായി യാത്ര തിരിഞ്ഞു മുദ്ര പിടിച്ചു പ്രസന്നദൃഷ്ടിയായി നിൻറ് ഉപസനാദി പരിഭാഷയോടുകൂട പ്രവേശിക്ക. കഴിച്ചുഴറാതെ ഇരണ്ടുവട്ടം പോന്നു വ്യാഖ്യയിൽ ചൊല്ലിൻറവണ്ണമാട്ടമെല്ലാമഴകുതായാടി...ഹീനസ്വരത്തിലുഴറാതെ ഗ്രന്ഥാർത്ഥം പുറപ്പൊരുൾ പറവൂ അഴകുതായി. “ഏനേ വിതിയേ! മുന്നമേതന്നെ ഇപ്പൂമിയിൽ ആരാലുമെങ്ങാലും ചത്താൽ പത്തു നാളും കഴിഞ്ഞു പതിനനൊൻറാം നാളിൽ വൈപ്പോരു കരടകമുണ്ട് പിണ്ഡം. അതു വച്ചാൽ അവിടെച്ചെഴിക്കും ചോറുകൊണ്ടുണ്ടൂതും ചെയ്തു അതുകൊണ്ടേ മറ്റെല്ലാപ്പടിയുമുണ്ടായി നാവുകൊണ്ടേതുമൊരക്കരം തീണ്ടിപ്പറവൂതും ചെയ്യാതെ പൊഴിതി [5] നോടു പനിപ്പില്ലാഞ്ഞിട്ട മരത്തേൽ വള്ളിച്ചുറ്റകണക്കേ കഴുത്തേൽ നൂന്മാത്ര പിരിച്ചിട്ടുംകൊണ്ടു പെരുവഴിയിൽ കണ്ടാലാരാലും ബ്രാഹ്മണനെൻറു വിളിക്കിൽ സന്തോഷിപ്പൂതും ചെയ്തു ഇങ്ങനെയെല്ലാം പെരികെത്തണ്ണു [6] തായി ഉണ്മാനുമിൻറിയേ കണ്ടാലും കേട്ടാലും തണ്ണുതായി അശ്ശിരിയായിരിപ്പോരു കുലത്തിലെല്ലോ ഞാൻ പോന്നു പിറന്നു. പിന്നെയിരണ്ടാമത് എന്റെയില്ലത്ത് ഒട്ടും ചോറുകാണാഞ്ഞ് “അയ്യോ പാവം ഒട്ടുണ്ടുതാവൂ” എന്നു നിനച്ചിരുന്നെടത്തു നിച്ചലും പുലരുമ്പോഴുണ്ടുകൊള്ളാമെൻറു ചിലിത്തപണ്ണി പുത്തിപിഴകൊണ്ടു മുന്നേക്കാട്ടിലും തണ്ണുതാമ്മാറുപോയി പള്ളിയിൽ ചെൻറുപള്ളിപുതൈപ്പൂതും ചെയ്തേൻ. പിന്നെ അച്ചെറുമക്കളുണ്ടു പള്ളിയാർ. അവർക്കൊരു ദിവസത്തിലൊരിക്കലേ ഊണുള്ളൂ. അപ്പോഴുകൂടി ഉണ്ടുകൊള്ളാമെനിക്കും. അതുകൊണ്ടിരട്ടി പയിച്ചുതുടങ്ങി. എൻറവാറേ ഇതും വേണ്ടാവയറു നിറയായ്കിൽ എൻറു കല്പിച്ച് അതുപോലുമിളച്ച് അതിന്നൊള്ള ചീവരമെല്ലാം മുറിച്ചുകളഞ്ഞു പാത്രമെല്ലാം പിളന്നു കളഞ്ഞു. മഴ നനയായ്‌വാനും വെയിലുണങ്ങായ്‌വാനും നൻറെൻറു നിനച്ചിട്ടു കുടമാത്രമെടുത്തുംകൊണ്ട് അവിടെനിന്നു പള്ളിമാരെത്തിരിഞ്ഞുനോക്കാതെ മുറുകെപ്പോന്നേൻ.”

ചുവടേ ചേർക്കുന്ന പദങ്ങളും വാചകങ്ങളും വാക്യങ്ങളും മത്തവിലാസത്തിലുണ്ട്: (1) ‘പൂശലോ എങ്കിൽ’, (2) ‘ഞാൻ മടിയാതെ കാട്ടിൻറുണ്ട്’, (3) ‘എമ്മളാർക്ക്’, (4) ‘അച്ഛനുമമ്മയും വൃദ്ധരായി കട്ടിലിലടങ്ങി’, (5) ‘കയ്യുവന്നു പെരിയെ എനക്ക്’, (6) ‘പഴകുന്തോറുമിവർ നല്ലരല്ല എൻറു തോൻറി വൻറൂ.’

---

5. പൊഴുത് = ജീവിതം.
6. തണ്ണുത് = താണത്.

## 9 ശൂർപ്പണഖാങ്കം ആട്ടപ്രകാരം

ഈ ആട്ടപ്രകാരത്തിൽനിന്നുകൂടി ഒരു ഭാഗം ചുവടേ ചേർക്കാം.

> "ശൂർപ്പണഖയ്ക്കു മറയിൽ ചാരി, കളകളവാദ്യം, ജാതി, പരിക്രമം; പിന്നെ ദ്രുതത്തിൽ രണ്ടു നടന്ന് ഊത്തത്തിൽ മുടിച്ചുകൊള്ളൂ. പിന്നെ 'ദിട്ഠിആ' എന്നു ചൊല്ലി ചാരി പരിക്രമം, നൃത്തം. പിന്നെ 'എന്നേ തുകമേ! താനേ തുകമെന്നു ചൊല്ലിയാലും പോരായേ; തുകം, തുകം, തുകം! അതെന്തെന്നല്ലീ? എല്ലാടവുണ്ണടപ്പൻ ഞാൻ ഓരോ തേയങ്ങളിലും ഓരോന്നല്ലീ? എല്ലാടവുണ്ണടപ്പൻ ഞാൻ ഓരോ തേയങ്ങളിലും ഓരോ രാച്ചിയങ്ങളിലും ഓരോ നയരങ്ങളിലും ഓരോ വനപ്രതേയങ്ങളിലും ഓരോ നസീതീരങ്ങളിലും മറ്റും പല പ്രതേയങ്ങളിലും എല്ലാടവും ണടപ്പൻ ഞാൻ. പിന്നെയും ഇവിടെത്തന്നെ പോണ്ണു വരുമത്രേ. അതെന്തെന്നല്ലീ? ഇവിടെയുണ്ടു ചില ശനമിരിപ്പൂ. അവർ കണ്ടാലൊട്ടും തുകമില്ലാത പരിഴകളത്രേ. താടിയും തലയും കക്കവും പക്കവും ഇങ്ങനെയെല്ലാമിരിക്കിണ്ണ ഇവരെ ഞാൻ കരുഖരാ, പരുഫരാ, മുരുമുരാ, കടുഖടാ, ചുടുചുടാ, കൊടുകൊടാ. കടിച്ചുതിണ്ണു വൈരാക്കിയം വരിണ്ണൂ എന്നടോ അരി മൂത്തമാണിയാനേ! അരി എളയമാണിയാനേ! ഇവർ കണ്ടാൽ നല്ല തുകമുള്ള പരിഴകളത്രേ...ഈ കള്ളക്കാട്ടിൽ എന്നെക്കൊണ്ടങ്ങോടിങ്ങോട്ട് ഈവണ്ണം കളിപ്പാറായിച്ചമഞ്ഞേ. ഇങ്ങനെയെല്ലാമിരിക്കിണ്ണ ഇവരെ ഞാൻ പുതുപുതാ, വെതുവെതാ, നണുനണാ, കുളുകുളാ, പളുപളാ കടിച്ചുതിന്നാവൂ. അരി ചീതേച്ചി! അവക്കൊരു പാവമുണ്ട്, എന്നോളം ഉറ്റ ചന്തരിയായിട്ടാരുമില്ലേണ്ണ്. അവളുടെ പൂച്ചൂട്ടും തൊടുകുറിയും കണ്ണെഴുത്തും മറ്റും! നീ എന്റെ പൂച്ചൂട്ടു കണ്ടോ; തൊടുകുറി കണ്ടോ; കണ്ണെഴുത്തു കണ്ടോ. നീ എന്റെ കുത്തുമുല കണ്ടു കൊതിച്ചുകളയരുതേ. ഇങ്ങനെയെല്ലാമിരിക്കിണ്ണ ഇവളെ ഞാൻ തല വലിയ തമ്പി രാവണച്ചനു കാച്ചയായിക്കൊണ്ടു കൊടുപ്പൂ. കാച്ചയെണ്ണുമ്പോളൊരു തക്കാരം; തക്കാരമെണ്ണുമ്പോളൊരു പാവൃതം; പാവൃതമെണ്ണുമ്പോളൊരു വ്യഞ്ചനം; വ്യഞ്ചനമെണ്ണുമ്പോളൊരു പൊലിക്കാണം; പൊലിക്കാണമെണ്ണുമ്പോളൊരുലകയാത്ര." ഇങ്ങനെ ചൊല്ലി "ദിട്ഠി ആ ബുഭുക്ഖിദാഏ" എന്ന ചൂർണ്ണിമുഴവൻ ചൊല്ലി അർത്ഥമാടൂ."

## 10 പിൽകാലത്തെ ആട്ടപ്രകാരങ്ങൾ

പശ്ചാൽകാലങ്ങളിലും ചില ആട്ടപ്രകാരങ്ങൾ വിദ്വാന്മാർ മുമ്പുള്ളവയ്ക്കു പകരമായും അല്ലാതേയും രചിച്ചിട്ടുണ്ടെന്നു ഞാൻ സൂചിപ്പിച്ചുവല്ലോ. അത്തരത്തിലുള്ള ഒന്നാണ് ഏതാനും വാക്യങ്ങൾ താഴെ ഉദ്ധരിക്കുന്ന അശോകവനികാങ്കം ആട്ടപ്രകാരം.

> “എങ്കിലോ പണ്ടു പുലസ്ത്യഗോത്രസംഭൂതനായിരിയ്ക്കുന്ന രാവണൻ മയപുത്രിയായിരിക്കുന്ന മണ്ഡോദരിയോടുംകൂടി സുഖമായിട്ടിരിക്കുന്ന കാലത്തിങ്കൽ തന്റെ സോദരിയായിരിക്കുന്ന ശൂർപ്പണഖ കർണ്ണനാസികാഛേദനം ചെയ്ക ഹേതുവായിട്ടു ചോരയണിഞ്ഞു സമീപത്തിങ്കൽ വന്നു ഖരാദികളുടെ നിധനത്തേയും തന്റെ വിരൂപീകരണത്തേയും ശ്രീരാമന്റെ പരാക്രമത്തേയും സീതയുടെ സൗന്ദര്യാതിശയത്തേയും പറഞ്ഞു കേട്ടതിന്റേശേഷം രാവണൻ സീതാസൗന്ദര്യാതിശയത്തെ കേട്ടു കാമപരവശനായി മാരീചാശ്രമത്തെ പ്രാപിച്ചു മാരീചനെ പൊന്മാനാക്കി നിയോഗിച്ചു രാജധാനിയെ പ്രാപിച്ചിരുന്നു.” പിന്നെ സംക്ഷേപം അവസാനിപ്പിച്ചു സീതയുടെ പഞ്ചാങ്ഗം ആടി കാമശരംകൊണ്ടു മുറുക്കി മോഹാലസ്യം ഉണർന്നു ശ്വോശ്വാ എന്നാൽ സീതയെ കാണ്മാനായിട്ടു പോവുകതന്നെ എന്നു കാട്ടി വേഗേന സ്നാനാദികളെ കഴിച്ച് അലങ്കൃതനായി ആസ്ഥാനമണ്ഡപത്തിങ്കൽ സിംഹാസനാരൂഢനായിരുന്നു വെറ്റില ഭക്ഷിച്ചു കണ്ണാടി നോക്കി ഇത്രയും ആടിക്കഴിഞ്ഞാൽ അല്ലേ സൂതൻ വേഗത്തിൽ തേരു കൊണ്ടുവാ എന്നു കാട്ടി കണ്ടു സൂതൻ തേരുകൊണ്ടുവരുന്നതു്. എന്നാൽ പോവുകതന്നെ എന്നു കാട്ടി പീഠത്തിന്മേൽനിന്നു നിലത്തിറങ്ങി എളകിയാട്ടം ചാടി അരയും തലയും മുറുക്കി ചന്ദ്രഹാസമെടുത്ത് എറിഞ്ഞുപിടിച്ച് അല്ലേ; ശൂർപ്പണഖേ! നീയും തേരിൽ കേറിയാലും എന്നു കാട്ടി വലത്തോട്ടു തിരിഞ്ഞുനിന്ന് എടത്തോട്ടുനോക്കി എന്താണ് കേറിയോ? എന്നു കാട്ടിതാനും കേറി തേർപ്പെരുമാറ്റത്തിൽ നടന്നു സീതയുടെ പഞ്ചാങ്ഗമാടി കാമശരം കൊള്ളുമ്പോൾ ലജ്ജാഭാവത്തോടുകൂടെ ഇവൾ എന്റെ ചാപല്യത്തെ ഒക്കെയും കണ്ടുനില്ക്കുന്നു വഷള്, മറ്റാരാനും കണ്ടിട്ടുണ്ടോ എന്നു വിചാരിച്ചു ചുഴലവും വഴിപോലെ നോക്കുമ്പോൾ കണ്ടു ദേവകൾ പരിഹസിക്കുന്നതു്. അല്ലേ ദേവകൾ ക്ഷമിക്കിൻ; അല്ലേ സൂതൻ വേഗം തേരു തെളിച്ചാലും; തേർപെരുമാറ്റത്തിൽ നടന്നു പഞ്ചാങ്ഗം ആടി ലജ്ജാഭാവം തുടങ്ങി മുമ്പിലത്തെപ്പോലെ രണ്ടു പ്രാവശ്യംകൂടിയാടി രണ്ടുദിക്കിലും ദേവകളെ നോക്കി അല്ലേ ദേവകൾ, ഇതിന്റെ പ്രതിക്രിയ ഞാൻ കാട്ടിത്തരുന്നൊണ്ടു് എന്നും അല്ലേ ദേവകൾ ഞാൻ സീതയെ അപഹരിച്ചു ലങ്കയിൽ കൊണ്ടുപോയി വച്ചിട്ടു് ഇതിന്റെ പ്രതിക്രിയ കാട്ടിത്തരുന്നൊണ്ടു് എന്നും കാട്ടണം. പിന്നെ എടത്തോട്ട് അല്ലേ സൂതൻ കുതിരകളെ വേഗത്തിൽ തെളിച്ചാലും. അതെന്ത്? എന്റെ സോദരിയായിരിയ്ക്കുന്ന ഇവൾക്കു കർണ്ണനാസികാഛേദം ചെയ്ക ഹേതുവായിട്ടു് വളരെ സങ്കടമൊണ്ടു്. അതിനെ കളഞ്ഞോട്ടെ എന്റെ സോദരി. എന്തീവണ്ണം പറഞ്ഞതെന്ന്. കുംഭകർണ്ണന്റെ സോദരിയായിരിക്കുന്ന ശൂർപ്പണഖ എന്നും വിഭീഷണന്റെ സോദരിയായിരിക്കുന്ന ശൂർപ്പണഖ എന്നും ആരും പറയുന്നില്ല. എല്ലാജ്ജനങ്ങളും രാവണന്റെ സോദരിയായിരുന്ന ശൂർപ്പണഖ എന്നീവണ്ണമല്ലോ പറയുന്നതു്. അതു ഹേതുവായിട്ടുതന്നെ എന്റെ സഹജ എന്നീവണ്ണം പറഞ്ഞതു് ഇവൾ എങ്ങനെയിരിപ്പൊരുത്തി? പൊണ്ണത്തടിയനായിരിക്കുന്ന ഞാൻ ജീവിച്ചിരിക്കുന്ന സമയത്തിങ്കൽതന്നെ ഒരു മനുഷ്യൻ പോക്കൽനിന്ന് ഈവണ്ണമുള്ള ആപത്തിനെ അനുഭവിച്ചവളാണ്. കഷ്ടം! ഇന്നു ദേവശ്രേഷ്ഠനായിരിക്കുന്ന ഇന്ദ്രനാണ് ഇപ്രകാരം ചെയ്തതെങ്കിൽ വല്ലതുമാട്ടെ; ദേവകളിൽ ഒരുത്തനാണെങ്കിലും ആട്ടെ; അതൊക്കെയുമിരിക്കട്ടെ; ഭൂമിയിൽ ഏകച്ഛത്രാധിപതിയായിരിക്കുന്ന ഒരു രാജാവാണെങ്കിലും സഹിക്കാം. ഇവരാരുമല്ല, വനപ്രദേശത്തിങ്കൽവന്നു കാറ്റും വെയിലും മഴയും മഞ്ഞുമേറ്റു ത്രിഷവണസ്നാനം ചെയ്തു കക്ഷപക്ഷാദികളും നീട്ടി ഫലമൂലാദികളും ഭക്ഷിച്ചിരിക്കുന്ന മനുഷ്യനല്ലോ ഈവിധം ചെയ്തതു്. കഷ്ടം! ഇവളെ നിഗ്രഹിച്ചു എങ്കിൽ സങ്കടമില്ല. ഞാൻ എല്ലാ സമയത്തിലും കണ്ടോട്ടേ എന്നു നിശ്ചയിച്ചിട്ടല്ലോ ഈവണ്ണം ചെയ്തതു്. അതു ഹേതുവായിട്ടു് ആ രാമനെ ഇപ്പോൾത്തന്നെ കൊന്നു സീതയെ പിടിച്ചു വലിച്ചുകൊണ്ടുപോരുന്നുണ്ടു്. എങ്ങനെ? ഞാൻ അരയും തലയും മുറുക്കി വാളുമെടുത്തു രാമന്റെ സമീപത്തിങ്കൽ ചെന്ന് അല്ലേ രാമാ യുദ്ധത്തിന്നായിക്കൊണ്ടുവന്നോ എന്ന് തട്ടിവിളിക്കുന്ന സമയത്തിങ്കൽ രാമൻ അരയും തലയും മുറുക്കി വില്ലും കുലച്ച് ആവനാഴിയും കെട്ടിമുറുക്കി പോന്നു വരുന്നതു കണ്ടിട്ടു് ഇവനെ നിഗ്രഹിപ്പാൻ ആയുധമെന്തിനാണ്? ആയുധംവച്ചു രാമന്റെ കഴുത്തിൽ പിടിച്ചുതിരുമ്മി നിഗ്രഹിച്ചു്” ഇത്യാദി.

ഈ ഗദ്യത്തിനും മത്തവിലാസം ആട്ടപ്രകാരത്തിൽനിന്നും മറ്റും ഉദ്ധരിച്ച ഗദ്യങ്ങൾക്കും തമ്മിൽ ഭാഷാവിഷയത്തിലുള്ള പ്രകടമായ ഭേദം പറഞ്ഞറിയിക്കണമെന്നില്ലല്ലോ. പ്രസ്തുത ഗദ്യത്തിനു കൊല്ലം ഒൻപതാംശതകത്തിലധികം പഴക്കമുണ്ടെന്നു തോന്നുന്നില്ല.

ഇത്തരത്തിൽ വമ്പിച്ചതോതിൽ ഒരു ഗദ്യസാഹിത്യം ഭാഷയ്ക്കു കൂടിയാട്ടംവഴി പണ്ടുതന്നെ ലഭിച്ചിട്ടുണ്ടു്. ഞാൻ അന്യത്ര പ്രസ്താവിക്കുവാൻ പോകുന്ന നമ്പിയാർതമിഴും ആ പുഴയുടെ ഒരു പോഷകനദിയാകുന്നു. പൂർവ്വകാലത്തു ചെന്തമിഴിൽ പല നാടകലക്ഷണഗ്രന്ഥങ്ങളുമുണ്ടായിരുന്നു. അവയ്ക്കു കൂത്തിലക്കണമെന്നു പേർ പറഞ്ഞുവന്നു. ആ ഗ്രന്ഥങ്ങൾ എല്ലാം നശിച്ചുപോയി. അവയിൽ ഏതെങ്കിലും ഒന്നു കണ്ടു കിട്ടുന്നതുവരെ കൂടിയാട്ടത്തിന്റെ ചടങ്ങുകൾ അവയോടും എത്രമാത്രം കടപ്പെട്ടിട്ടുണ്ടു് എന്നു നിർണ്ണയിക്കുക അസാദ്ധ്യമാണ്. ഭാഷയെ സംബന്ധിച്ച് ഒരു വസ്തുത നിസ്സംശയമായി വെളിപ്പെടുന്നു. ഭാഷാകൗടലീയത്തിനും ആദ്യത്തെ ആട്ടപ്രകാരഗ്രന്ഥങ്ങൾക്കും തമ്മിൽ രണ്ടു ശതകത്തിൽ കൂടുതൽ കാലവ്യത്യാസമില്ല. എന്നിട്ടും ആദ്യത്തേതു തമിഴ്മയമായും രണ്ടാമത്തെ ഇനത്തിൽ പെട്ടവ തമിഴ്ച്ചുവ കഴിവുള്ളിടത്തോളം പരിഹരിച്ചും നിർമ്മിക്കപ്പെട്ടു കാണുന്നതു് അവ തമിഴിൽ വിപ്രതിപത്തി തോന്നിത്തുടങ്ങിയിരുന്ന നമ്പൂരിമാർ സംഭാഷണഭാഷയോടടുപ്പിച്ചു രചിച്ചതിനാലാണെന്ന് ഒരു വിധം തീർച്ചപ്പെടുത്താവുന്നതാകുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 1

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഭാഷ
2. ദ്രാവിഡം
3. മലയാളഭാഷയുടെ ഉൽപത്തി
4. കേരളവും ആര്യസംസ്കാരവും
5. കേരളവും ചെന്തമിഴ് സാഹിത്യവും
6. പാട്ടും മണിപ്രവാളവും
7. സംസ്കൃതസാഹിത്യം
8. സംസ്കൃതസാഹിത്യം (തുടർച്ച)
9. സംസ്കൃതസാഹിത്യം (വീണ്ടും തുടർച്ച)
10. നാടോടിപ്പാട്ടുകൾ I
11. നാടോടിപ്പാട്ടുകൾ II
12. നാടോടിപ്പാട്ടുകൾ III
13. ഭാഷാകൃതികൾ (പദ്യം) I
14. മണിപ്രവാളകൃതികൾ
15. സംസ്കൃതകൃതികൾ
16. ഭാഷാകൃതികൾ – പദ്യം
17. മണിപ്രവാളകൃതികൾ II
18. ലീലാതിലകം
19. ചില ആനുഷങ്ഗിക വിഷയങ്ങൾ


### വെബ് പതിപ്പു കണ്ണികൾ


1. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 1
2. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 2
3. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 3
4. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 4
5. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 5


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014